# ഉള്ളടക്കം

1. ആമുഖം
2. സ്കൂൾ ഡാറ്റ
3. സ്കൂൾ ചരിത്രം
4. AMP CLASS – I
5. AMP CLASS – II
6. AMP CLASS – III
7. AMP CLASS – IV
8. അറബിക് ക്ലാസ് I –IV
9. IT
10. കലാ വിദ്യാഭ്യാസ
11. കായികം
12. പ്രവൃത്തി പരിചയം
13. പൊതു വിജ്ഞാനം
14. സ്കൂൾ ശുചിത്വപ്ലാൻ
15. സ്കൂൾ ലൈബ്രറി
16. സ്കൂൾ ബ്യൂട്ടിഫിക്കേഷൻ
17. സാമൂഹ്യശാസ്ത്ര ക്ലബ്
18. ദിനാചരണങ്ങൾ
19. പിടിഎ ശാക്തീകരണം
20. സ്കൂൾ സുരക്ഷാ സമിതി
21. 21.2025- 26 LSS കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ
22. കല കായിക പ്രവൃത്തി പരിചയം
23. ഭൗതിക സൗകര്യങ്ങൾ - നേട്ടങ്ങളും പരിമിതികളും
24. പ്രീ-സ്കൂൾ വിദ്യാഭ്യാസം
25. സമഗ്ര ഗുണമേന്മ പദ്ധതി

# ആമുഖം

സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ സമഗ്രമായി പുതുക്കുകയാണ്. ഉപജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ ലോവർ പ്രൈമറി വിദ്യാലയമാണ് കളരാന്തിരി ജി എം എൽ പി സ്കൂൾ. അക്കാദമിക മികവ് നിലനിർത്താൻ വിവിധങ്ങളായ പദ്ധതികൾ ഈ മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയിട്ടുണ്ട്.സ്കൂളിൻറെ സ്ഥിത വിവര കണക്കുകളും ഭൗതിക സാഹചര്യങ്ങളെക്കുറിച്ചുള്ള വിശകലനവും പോരായ്മകൾ പരിഹരിക്കുന്ന തിനുള്ള നിർദ്ദേശങ്ങളും ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഓരോ ക്ലാസിലേക്കും ഓരോ വിഷയാടിസ്ഥാനത്തിൽ ക്ലാസ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.ആരോഗ്യം,ശുചിത്വം,സ്കൂൾ ബ്യൂട്ടിഫിക്കേഷൻ, ലൈബ്രറി പ്രവർത്തനങ്ങൾ,പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, കലാകായിക പ്രവർത്തി പരിചയ മേഖലകളിലെ വിവിധങ്ങളായ പരിപാടികൾ ഇവയെല്ലാം ഈ മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്.

ജനകീയമായി വിദ്യാലയത്തിൽ എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുകയാണ്. പത്തിലധികം 43 ഇഞ്ച് എൽ.ഇ.ഡി ടിവിക്കുള്ള ഫണ്ട് ഇതിനായി കണ്ടെത്തേണ്ടതുണ്ട്.സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ഏറ്റവും ഊഷ്മളമാക്കുന്നതോടൊപ്പം ശക്തമായ സ്കൂൾതല സമിതികളും ഉണ്ടാവണം. നൂറാം വർഷത്തിലേക്ക് കടക്കുന്ന ഈ വേളയിൽ എല്ലാ കമ്മിറ്റി കളും ശാക്തീകരിക്കുന്നതിനും കോർണർ തല കമ്മിറ്റികൾ ഉണ്ടാക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഓരോ ടേമിലും ഓരോ പരിപാടികൾ നടത്തണം. നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ശക്തമായ മോണിറ്ററിംഗ് സംവിധാനവും ഉണ്ടാകണം. കൃത്യമായി ചുമതല യുവജനം നടത്തി മുന്നോട്ടു പോകണം.അവസാനം എല്ലാ പഠന നേട്ടങ്ങളും കുട്ടികൾനേടിയിട്ടുണ്ട് എന്ന് രക്ഷിതാക്കൾക്ക് മുമ്പാകെ സധൈര്യം പറയാൻ കഴിയണം. അതിനായി വിപുലമായ രീതിയിൽ പഠനോത്സവം നടത്തി അധ്യായന വർഷം സംതൃപ്ത മായ രീതിയിൽ പരിസമാപ്തിയിൽ എത്തിക്കാൻ രക്ഷിതാക്കളും അധ്യാപകരും തോളോട്തോൾ ചേർന്ന് പ്രവർത്തിക്കുന്നതാണ്.

# സ്കൂൾ ചരിത്രം

കൊടുവള്ളി ഗ്രാമപഞ്ചായത്തിൽപെട്ട വാവാട് വില്ലേജിലെ കളരാന്തിരി ദേശത്ത് ഡിസ്ട്രിക്റ്റ് ബോർഡിന് കീഴിൽ നിലവിൽ വന്ന ഒരു വിദ്യാലയം തള്ളിപ്പോയതായി അറിയുന്നു. ലഭ്യമായ ചരിത്രരേഖയുടെ അടിസ്ഥാനത്തിൽ 1926 ൽ സ്കൂൾ പുനസ്ഥാപിതമായതായും കാണുന്നു. ഒന്നാമത്തെ കുട്ടിയെ 06.09.1926 ൽ ചേർത്തതായും ആ വർഷം 40 കുട്ടികൾ പ്രവേശനം നേടിയതായും ആ രേഖയിലുണ്ട്. പ്രസ്തുത രേഖ പ്രകാരം 1940 വരെ ആ വിദ്യാലയം നിലനിന്നിരുന്നു. പിന്നീട് ഈ വിദ്യാലയം അക്കാലത്തെ പൗര പ്രമുഖരുടെയും സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെയും പരിശ്രമ ഫലമായി 1954 ൽ ഇന്നത്തെ കളരാന്തിരി അങ്ങാടിക്കു സമീപം ഓലമേഞ്ഞ പഴയ മദ്രസ കെട്ടിടത്തിൽ ഏകധ്യാപക വിദ്യാലയമായി വീണ്ടും പ്രവർത്തനം ആരംഭിച്ചു.

സ്കൂൾ ആരംഭഘട്ടത്തിൽ ഉണ്ടായിരുന്ന അധ്യാപകൻ കുറച്ചു ദിവസങ്ങൾക്കകം സ്ഥലം മാറിയപ്പോൾ ശ്രീ.കെ ബാലസുന്ദരം അധ്യാപകനായി നിയമിതനാവുകയും അദ്ദേഹം 1957 വരെ ഇവിടെ സേവനമനുഷ്ഠിക്കുകയും ചെയ്തു.1957 അവസാനം അധ്യാപക പരിശീലനം നേടിയ പൂക്കണ്ടി മൊയ്തു ഹെഡ്മാസ്റ്റർ ആയി.1958 സെപ്റ്റംബർ മാസത്തിൽ ശ്രീ കെ രാഘവപണിക്കർ പ്രധാന അധ്യാപകനായി നിയമിതനാവുകയും കാൽ നൂറ്റാണ്ടോളം ഈ സ്ഥാപനത്തിൽ തുടരുകയും ചെയ്തു. അക്കാലത്തു 30 ൽ താഴെ കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിലും ക്രമേണ 80 ആയി ഉയർന്നു. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സിലേക്ക് മൂന്നു അധ്യാപകർ മാത്രമേ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നുള്ളൂ. സ്വന്തമായി കെട്ടിടമോ ആവശ്യത്തിന് ഫർണിച്ചറുകളോ ഇല്ലാത്തതിന്റെ വൈഷമ്യങ്ങൾ ആദ്യ കാലഘട്ടത്തിൽ ഈ വിദ്യാലയം അനുഭവിച്ചിട്ടുണ്ട്. പിടിഎ യുടെ നിരന്തര ശ്രമഫലമായി ഈ സ്കൂളിന് 11 സെന്റ് സ്ഥലം ഉണ്ടാവുകയും അവിടെ NES BLOCk അനുവദിച്ച 12000 രൂപ ഉപയോഗിച്ച് ഒരു കെട്ടിടം പണിയുകയും ചെയ്തു. ആദ്യ കാലഘട്ടത്തിൽ സ്കൂൾ രേഖകൾ തൊട്ടടുത്ത പീടിക മുറിയിലായിരുന്നു സൂക്ഷിച്ചതെങ്കിൽ പുതിയ കെട്ടിടം വന്നതോട് കൂടി ആ അവസ്ഥക്ക് മാറ്റം വരുകയും ചെയ്തു. 1963 ൽ വിദ്യാലയം പുതിയ കെട്ടിടത്തിലേക്ക് മാറുമ്പോഴേക്കും കുട്ടികളുടെ എണ്ണം 150 ആയും അധ്യാപകരുടെ എണ്ണം 6 ആയും വർദ്ധിക്കുകയും ചെയ്തിരുന്നു. 1978 ആകുമ്പോഴേക്കും ഏതാണ്ട് 85 സെന്റോളം സ്ഥലം സ്കൂളിനു സ്വന്തമായി ഉണ്ടാക്കാനും സ്കൂളിനെ വളർച്ചയിലേക്ക് കൈ പിടിച്ചുയർത്താനും അതാതു കാലത്തെ അധ്യാപകരുടെയും രക്ഷിതാക്കളുടെ യും അഭ്യൂദയാകാംഷികളുടെയും ശ്രമഫലമായി കഴിഞ്ഞിട്ടുണ്ട്.

<u>AMP CLASS – I</u>

# മലയാളം

**ലക്ഷ്യങ്ങൾ**

1) ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവർ ആക്കുക.
2) രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുക.
3) എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക. 4)സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി മാറ്റുക.
5) എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
6) രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുകയും നവമാധ്യമങ്ങളിൽ പങ്കിടുകയും ചെയ്യുക.
7) ലളിതമായ വായന കാർഡുകൾ നിർമ്മിക്കുകയും വായിക്കുകയും ചെയ്യുക.
8) ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതുക. 9)ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക.
10) പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടാനുള്ള അവസരം ഉണ്ടാക്കുക.
11) ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുക.
12) കുഞ്ഞു ചിത്രകഥാപ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുക.
13) സർഗ്ഗ ശേഷികൾ കൈവരിക്കുക.
14) കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1) ഒന്നൊരുക്കം, സചിത്ര പുസ്തകം

2) സംയുക്ത ഡയറി

3) കഥ പറയാൻ അവസരം

4) കഥ കേൾക്കാൻ അവസരം

5) ചിത്രകാർഡ് നിർമ്മാണം

6) വായന കാർഡ് നിർമ്മാണം

7) ക്ലാസ് ലൈബ്രറി

8)വായന മൂല

പാഠഭാഗവുമായി ബന്ധപെട്ടു മൂല്യപാഠങ്ങൾ നൽകുക.

9) അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

10) ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

11) വാചികമായി പറയാനുള്ള അവസരം ഒരുക്കുന്നു.

12) റീഡേഴ്സ് തിയേറ്റർ,പാട്ടരങ്ങ്,ചിത്രവായന കാർഡുകൾ.

13) വായനോത്സവം

14) രചനോത്സവം

15) കൂട്ട വായന നാട്ടുവായന വീട്ടുവായന ചങ്ങല വായന എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

16) പത്രവായന

17) താളാത്മകമായി കവിത ചൊല്ലൽ

18) ക്ലാസ് പത്രം 19)സ്വതന്ത്ര രചനകൾ കുഞ്ഞെഴുത്ത് പുസ്തകമായി മാറ്റുന്നു.

20) കഥകൾ,കവിതകൾ പുസ്തക രൂപത്തിൽ പ്രകാശനം ചെയ്യുന്നു.

21) ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## English

**OBJECTIVES**

1. Respond to simple instructions in the classroom.
2. Describe orally about the pictures and objects.
3. Familiarise with simple words.
4. Enjoy songs and sing them with rhythm and action.
5. Familiarise the names of birds, animals, their young ones and identify them from pictures.

**ACTIVITIES**

1. Introduce simple words
2. Provide picture cards and reading cards
3. Identify, read and write familiar words
4. Enjoy songs and sing them with rhythm and action.
5. Describe pictures and objects orally using adjectives.
6. Read and write simple words and simple sentence
7. Make word chains and sentence chains.
8. Create riddles.
9. Do textbook activities
10. Encourage digital reading.
11. Make picture album
12. Provide the opportunity to express myself in the classroom.
13. Speak English fluently.
14. Collect pictures of animals and their young ones.

# ഗണിതം

**ലക്ഷ്യങ്ങൾ**

1. ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു,എഴുതുന്നു
2. അഞ്ചുവരെയുള്ളസംഖ്യകളെ വ്യാഖ്യാനിക്കുന്നു
3. ഒരക്ക സംഖ്യകൾ എഴുതുന്നു വായിക്കുന്നു
4. സംഖ്യകളെ ആരോഹണ,അവരോഹണ ക്രമത്തിലാക്കുന്നു
5. രണ്ട് ഒരക്ക സംഖ്യകളുടെസങ്കലനം,വ്യവകലനം
6. സംഖ്യാ വ്യാഖ്യാനം
7. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയുംചെയ്യുന്നു.
8. ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു

**പ്രവർത്തനങ്ങൾ**

1. സംഖ്യകൾ തിരിച്ചറിയുന്നു,പറയുന്നു
2. സംഖ്യാകാർഡ് നിർമ്മിക്കൽ
3. മഞ്ചാടി സഞ്ചി തയ്യാറാക്കൽ
4. 1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ
5. മഞ്ചാടി സഞ്ചി ഉപയോഗിച്ച്ഗ ണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
6. സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
7. ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരച്ചറിയൽ
8. വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
9. സങ്കലനം, വ്യവകലനം
10. ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
11. സംഖ്യാ വ്യാഖ്യാനം
12. സംഖ്യകളുടെ പകുതി,തുല്യം എന്നിവ തിരിച്ചറിയൽ

# AMP CLASS – II

# മലയാളം

ജി എം എൽ പി സ്കൂൾ കളരാന്തിയിൽ മൂന്ന് ഡിവിഷനുകളിലായി 72 കുട്ടികൾ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
3. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
4. അവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു
5. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു
6. ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

**ജൂൺ**

1 പ്രീ ടെസ്റ്റ് നടത്തുന്നു.എല്ലാ തലത്തിലുമുള്ള കുട്ടികളെ തിരിച്ചറിയുന്നു.

2. കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ സി.പി.ടി.എ നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു

3. ക്ലാസ് ലൈബ്രറി ഉദ്ഘാടനം

4. ചിത്ര കാർഡുകൾ നൽകൽ, ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ, വായന സാമഗ്രികൾ നിർമിക്കൽ

5. വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

6. മലയാളം മധുരം സംയുക്ത ഡയറി പാട്ട് സമഗ്ര ഗുണമേന്മ ലഘുപരീക്ഷണങ്ങൾ ലഘു പ്രോജക്ട് ആരംഭം

7. രക്ഷിതാക്കൾക്ക് ശില്പശാല

**ജൂലൈ**

1 ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു

2 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

**ഓഗസ്റ്റ്**

1. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
2. വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

1. വായിച്ച കഥയെ ചിത്രങ്ങൾ ആക്കൽ
2. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
3. വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

1. കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
2. വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

**നവംബർ**

1. കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

1. ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു
2. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു

**ജനുവരി**

1. പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്നു
2. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**മാർച്ച്**

1. വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
2. ഓരോ കുട്ടിയും മാഗസിൻ തയ്യാറാക്കൽ
3. വീട്ടുവായന അമ്മ വായന ചിത്ര വായന പ്രോത്സാഹിപ്പിക്കൽ
4. ലൈബ്രറി ശക്തമാക്കൽ, പഠനോത്സവം

# English

**OBJECTIVES**

1. Respond to simple instructions in the classroom.
2. Describe orally about the pictures and objects.
3. Familiarise with simple words.
4. Enjoy songs and sing them with rhythm and action.
5. Familiarise the names of birds, animals, their young ones and identify them from pictures.

**ACTIVITIES**

1. Introduce simple words
2. Provide picture cards and reading cards
3. Identify, read and write familiar words
4. Enjoy songs and sing them with rhythm and action.
5. Describe pictures and objects orally using adjectives.
6. Read and write simple words and simple sentence
7. Make word chains and sentence chains.
8. Create riddles.
9. Do textbook activities
10. Encourage digital reading.
11. Make picture album
12. Provide the opportunity to express myself in the classroom.
13. Speak English fluently.
14. Collect pictures of animals and their young ones.

# ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.ഗണിത പ്രവർത്തനത്തിലും താത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

- ☆ രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- ☆ സംഖ്യബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ☆ ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ☆ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
- ☆ ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- ☆ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

**മുന്നൊരുക്കം**

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**ജൂൺ**

- ☆ വിവിധപാറ്റേണുകളിലെ സംഖ്യബോധം കണ്ടെത്തൽ.
- ☆ ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്ന് കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

**ജൂലൈ**

- ☆ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ☆ ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
- ☆ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

**ആഗസ്റ്റ്**

- ☆ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- ☆ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
- ☆ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

**സെപ്റ്റംബർ**

- ☆ ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- ☆ വില വിവര പട്ടിക തയ്യാറാക്കൽ.
- ☆ ക്ലാസ്സിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ രീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

- ☆ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
- ☆ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- ☆ സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ.

**നവംബർ**

- ☆ സ്ഥാനവില തിരിച്ചറിയൽ.
- ☆ പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
- ☆ ക്ലാസ്സിലൊരു കളിയിലൂടെ പ്രശ്ന നിർദ്ധാരണം ചെയ്യൽ.

☆ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ.

**ഡിസംബർ**

☆ സംഖ്യബോധം തിരിച്ചറിയൽ, സംഖ്യവ്യാഖ്യനം ഉറപ്പാക്കൽ.

☆ സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി.

☆ രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതിയിൽ ഉപയോഗിക്കുന്നു.

**ജനുവരി**

☆ വിലവിവരപട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ചുപട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ,പ്രശ്നനിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.

☆ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദധാരണം ചെയ്യൽ.

**ഫെബ്രുവരി**

☆ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.

☆ ഉല്ലാസഗണിതം വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.

☆ ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

**മാർച്ച്**

☆ കലണ്ടർ പതിപ്പ് തയ്യാറാക്കൽ.

☆ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയുക.

☆ മാസങ്ങളിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.

☆ കലണ്ടർ സംഖ്യ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.

☆ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

☆ ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

# AMP CLASS - III

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വായന<br>1. മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടെയും വായിക്കുന്നു. | 1.പ്രീ ടെസ്റ്റ്<br>2.കഥകൾ കേൾക്കാം<br>3.കഥാവായന<br>4.വായന കാർഡുകൾ- വായന<br>5.ക്ലാസ് ലൈബ്രറി<br>6.വായന കാർഡുകൾ തയ്യാറാക്കൽ<br>7. വായനക്കൂട്ടം | ജൂൺ-ജൂലൈ |
| 2. ഒരു വ്യവഹാര രൂപം വായിച്ച് അതിലെ ആശയഗ്രഹിക്കുന്നു | 1. കഥാപാത്രങ്ങളെ കണ്ടെത്തൽ<br>2. കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തൽ<br>3. ആശയം വരുന്ന വരികൾ കണ്ടെത്തൽ<br>4. ലഘു വിവരണം<br>5. ചിത്ര വായന | ജൂൺ-ജൂലൈ |
| 3. അനുയോജ്യമായ ഭാവം ഒഴുക്ക് ശബ്ദ വ്യതിയാനം ആശയവിക്തത എന്നിവയോടെ വായിച്ച് അവതരിപ്പിക്കുന്നു | 1. ഈണം കണ്ടെത്തൽ<br>2. കഥാവായന<br>3.സൂചനയുടെ അടിസ്ഥാനത്തിൽ വായന വിലയിരുത്തൽ | ജൂൺ- മാർച്ച് |
| 4.വാനയിൽ കുട്ടികൾ കൈവരിച്ച നേട്ടങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കൽ | 1. പഠനോത്സവം | മാർച്ച് |
| ലേഖനം<br>5. കഥ,കവിത,ലഘു വിവരണം എന്നിവ അക്ഷരത്തെറ്റുകൂടാതെ എഴുതൽ | 1. ദിനാചരണങ്ങൾ<br>2. പോസ്റ്റർ,കുറിപ്പുകൾ തയ്യാറാക്കൽ<br>3. കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തിയെഴുതൽ | ജൂൺ- മാർച്ച് |

| | | |
|---|---|---|
| | 4. സൂചനകളിൽ നിന്ന് കഥ<br>5. കഥയുടെ ബാക്കി പൂർത്തിയാക്കാൻ<br>6. ജീവചരിത്രക്കുറിപ്പ്<br>7. പതിപ്പ് നിർമ്മാണം | ജൂൺ- മാർച്ച് |
| 6. വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിച്ച ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | 1. ചിത്രത്തിൽ നിന്ന് കഥ<br>2. ആസ്വാദനക്കുറിപ്പ് 3. പുസ്തകാസ്വാദനം<br>4. വരികൾ കൂട്ടിച്ചേർക്കാം<br>5. പതിപ്പ് നിർമ്മാണം | ആഗസ്റ്റ്-മാർച്ച് |
| <u>സർഗ്ഗാത്മകത</u><br>7.തന്നിരിക്കുന്ന വിഷയത്തെ അടിസ്ഥാനമാക്കി രചനകൾ നടത്തുന്നു.<br>കവിതാലാപനം,ഈണം, താളം,ഭാവം,അക്ഷരസ്ഫുടത ശബ്ദ വ്യതിയാനം എന്നിവ ഉൾക്കൊണ്ട് കവിത ചൊല്ലുന്നു | 1. കഥാരചന<br>2. കവിതാരചന<br>3. സി പി ടി കവിതാലാപനം, കഥകൾ പറയൽ | ഡിസംബർ-മാർച്ച് |
| <u>രുചി മേളം</u><br>വിവിധ വിഭവങ്ങൾ പരിചയപ്പെടുന്നു | 1. പാചകക്കുറിപ്പ്<br>2. ക്ലാസിൽ ഒരു സദ്യ<br>3. പതിപ്പ് നിർമ്മാണം<br>4. ഭക്ഷ്യമേള | ഒക്ടോബർ നവംബർ |
| <u>കലകൾ</u><br>വിവിധ കലാരൂപങ്ങൾ പരിചയപ്പെടുന്നു<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | 1.കലാരൂപങ്ങൾ ഐസിടി പ്രദർശനം<br>2. കലാകാരന്മാരെ പരിചയപ്പെടൽ<br>3. കലാരൂപങ്ങൾ-പതിപ്പ്<br>4. ചമയങ്ങൾ-പ്രദർശനം<br>5. സാഹിത്യകാരന്മാർ ആൽബം<br>6. കുറിപ്പ് തയ്യാറാക്കുക<br>7.രചനാ ക്യാമ്പുകൾ | ജൂലൈ - മാർച്ച് |

<u>ENGLISH</u>

| AIM | ACTIVITIES |
|---|---|
| ● To study alphabets | **June- july**<br>● Pretest<br>● Write simple words<br>● Identify and circle certain words and letters |
| ● To develop listening and reading skills | **June-August**<br><u>For listening</u><br>● Games<br>● simple stories<br>● action songs for reading<br>● Reading cards<br>● Simple words and stories |
| ● Develop speaking skills and enhance opportunities to speak English in classroom | ● Identify action words and naming words from a picture<br>● Picture reading<br>● simple descriptions about a picture<br>● self introduction<br>● Growing sentences |
| ● Develop creative speaking and writing | **August-september**<br>● Word dictionary<br>● Reading books<br>● Collecting and reading past tense<br>● Rhyming words<br>● Text book activities<br>● Making vocabulary dictionary<br>● Picture albums<br>● Fruit salad making and telling the steps<br>● Snack recipe with steps of making |

| | |
|---|---|
| ● Express a thoughts and feelings<br><br>● Develop creative writing and speaking<br><br>● To improve presentation skill | <u>For writing</u><br>● Add more lines<br>● conversation<br>● descriptions<br>● Making Word Web and word chain<br>● Posters and slogans<br><br>**October-january**<br>● Diary<br>● Thoughts<br>● make simple stories using hints<br><br>● Develop story<br>● Skit<br>● Announcement<br><br>**June-march**<br>● Reading books<br>● Performing skit and conversations<br>● Cooking vedio with recipie |

# <u>ഗണിതം</u>

ആസ്വദിച്ച് പഠിച്ച് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഒരു വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും പ്രായോഗിക പ്രശ്നപരിഹരണമായും കണ്ണിചേർത്തുകൊണ്ടാണ് ഗണിത പഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താനും വിശകലനാത്മക ചിന്ത,പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി സഹായകരമാണ്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്.200 മുതൽ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുക, പ്രായോഗിക പ്രശ്നപരിഹരണം, നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യുക എന്നിവ ലക്ഷ്യം വയ്ക്കുന്നു.

**<u>പ്രവർത്തനങ്ങൾ</u>**

**<u>ജൂൺ ജൂലൈ</u>**

1. രൂപങ്ങൾ വരയ്ക്കാം
   ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
   ഉദാ:വട്ടം,ചതുരം,ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ
2. തോരണം, തോണി A4 പേപ്പറിൽ നിർമ്മിക്കൽ
3. വെജിറ്റബിൾ പ്രിൻറിംഗ്
4. ചതുരംവൃത്തം ത്രികോണം ഓരോന്നും ഉപയോഗിച്ച് രൂപങ്ങൾ കുട്ടികൾ ചാർട്ടിലും നിർമ്മിക്കുന്നു
5. ഒറിഗാമി

**<u>ജൂലൈ ഓഗസ്റ്റ്</u>**

1. ഓരോ കുട്ടിക്കും ഗണിത സഞ്ചി
   ഉൾപ്പെടുത്തേണ്ടവ 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ട്, കമ്പ് കെട്ടുകൾ,മഞ്ചാടി,കുന്നിക്കുരു,മുത്ത്,പുളിങ്കുരു,അബാക്കസ്, ലുഡോ ബോർഡ്, കത്രിക,വർണ്ണ കടലാസ്,പശ,ചാർട്ട് പേപ്പർ

**ആഗസ്റ്റ് സെപ്റ്റംബർ**

1. നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം കളിനോട്ടുകൾ മറ്റു വസ്തുക്കളുടെ സഹായത്തോടെ
2. ക്ലാസ്സിൽ ഒരു ഗണിത കട
3. റോൾപ്ലേ

**ഒക്ടോബർ**

1. സ്കെയിൽ നിർമ്മാണം
2. കുട്ടികളുടെ ഉയരം വണ്ണം തൂക്കം-ബോഡി മാക്സ് ഇൻഡക്സ് തയ്യാറാക്കൽ

**നവംബർ ഡിസംബർ**

1. ഗുണന വസ്തുത കാർഡ് നിർമ്മാണം

   ഒമ്പതിൻറെ ഗുണനം കൈവിരലുകളിലൂടെ

   ഗണിതത്തിൽ ഗുണനത്തിന്റെ ആവശ്യകത

   നിത്യജീവിതത്തിലെ ഗുണന സാധ്യതകൾ

**ജനുവരി ഫെബ്രുവരി മാർച്ച്**

1. ഗണിതോത്സവം
2. ഒറിഗാമി
3. ടാൻഗ്രാം
4. ചെസ്സ്
5. ക്ലോക്ക്നിർമ്മാണം

   നിത്യജീവിതത്തിലെ സമയത്തിൻറെ പ്രാധാന്യം

6 വീതം വയ്ക്കൽ

7. ചതുഷ്ക്രിയകൾ

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1.ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്ക് അനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും സസ്യലോകത്തിൻറെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക. | ഞാനും എൻറെ പരിസരവും<br>1.പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ,പരിപാലിക്കൽ<br>2. ജൈവവൈവിധ്യ ഉദ്യാന സന്ദർശനം<br>3. സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്ക് അനുസരിച്ച് തരംതിരിക്കൽ<br>4. മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം<br>5. സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കാൻ പൂന്തോട്ട ഒരുക്കൽ<br>6. ജൈവവൈവിധ്യം ഉദ്യാന നിർമ്മാണം<br>7. സ്കൂൾ പൂന്തോട്ടം നവീകരണം<br>8. വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |
| 2.പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക | 1. ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ പ്രത്യേകതകൾ മനസ്സിലാക്കൽ<br>2. ആവാസ വ്യവസ്ഥകൾ അടുത്തറിയൽ<br>3. ഫീൽഡ് ട്രിപ്പ്<br>4. ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>5. ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം. അനുഭവിച്ചറിയാം-സ്വയം തിരുത്താം<br>6 പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ചില ഇടപെടലുകൾ മനസ്സിലാക്കൽ<br>ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |

| | | |
|---|---|---|
| 3.ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക<br><br>പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക<br><br>ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | 1. പോസ്റ്റർ നിർമ്മാണം<br>പരിസ്ഥിതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ,പരിസരങ്ങളിൽ പതിക്കൽ<br>2. ദാഹജലം-പൂന്തോട്ടത്തിൽ<br>വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ<br>3. വ്യക്തി ശുചിത്വം<br>ദിനകൃത്യങ്ങൾ-ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം കുട്ടികളിൽ ഉറപ്പിക്കുന്നു<br>4. നമ്പർ വൺ<br>ക്ലാസ് സ്ഥലത്തിൽ ശുചിത്വ മത്സരം<br>വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി നൽകുന്നു<br>5. പരിസരത്ത് നടത്തം-നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാൻ സർവ്വേ<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തൽ,<br>6.പരിസ്ഥിതി സംരക്ഷണം പ്രതിജ്ഞ<br>7. നല്ല ശീലം - പോസ്റ്ററുകൾ തയ്യാറാക്കൽ<br>8. ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (വയൽ,കുളം,കാട്)<br>9. ലഘുപരീക്ഷണങ്ങൾ | ജൂൺ - ഫെബ്രുവരി<br><br>മാർച്ച് - മെയ്<br><br>ജൂൺ- മാർച്ച്<br><br>ഡിസംബർ- മാർച്ച്<br><br>ഡിസംബർ- മാർച്ച് |

# AMP CLASS - IV

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തങ്ങൾ | കാലയളവ് |
|---|---|---|
| 1. നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക | 1. അവശ്യ പഠന സമഗ്രികൾ ഒരുക്കൽ | ജൂൺ-ജൂലൈ |
| 2. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 2. വായിക്കാം വളരാം | ജൂൺ-ജൂലൈ |
| 3.ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞു അവ പരിപോഷിപ്പിക്കുക. | 1. ക്ലാസ്സ് വായന,<br>2. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>3.പുസ്തക പരിചയം | ജൂൺ- മാർച്ച് |
| 4.പാംഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും നേടിയ ശേഷികൾ എഴുതിലൂടെ പ്രകടിപ്പിക്കൽ | 1. വായന കുറിപ്പ്<br>2. ആസ്വാദന കുറിപ്പ്<br>3.എഴുതാം തെളിയാം<br>4. എഴുത്തു കാരുമായി സംവദിക്കൽ<br>5. പാഠഭാഗങ്ങളുടെ വിവിധ വീഡിയോകൾ സഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ- മാർച്ച് |
| ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞു അവ പരിപോഷിപ്പിക്കുക | 6.പാചക കുറിപ്പ്- പതിപ്പ് നിർമാണം<br>7.സാഹിത്യകാരൻമാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് |
| 5. ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | 8. ഡോക്യുമെന്ററി പ്രദർശനം<br>9.പുസ്തക പരിചയം,<br>10. ക്വിസ്<br>11. പ്രഭാഷണം | ആഗസ്റ്റ്-മാർച്ച് |

| | | |
|---|---|---|
| 6. ഭാഷപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | 1.അനുഭവങ്ങളിലൂടെയുള്ള പഠനം<br>2. എഴുത്ത് പരിപോഷിപ്പിക്കൽ<br>3.ലേഖനശേഷി വർധിപ്പിക്കൽ<br>4. വായന ശേഷി വളർത്തൽ | ജൂൺ- മാർച്ച്<br><br>ഡിസംബർ- മാർച്ച് |
| 8. ഭാഷപരവും സർഗ്ഗത്മക പരവുമായ വളർച്ച | 1. സാഹിത്യകാരന്മാരെ അടുത്തറിയൽ<br>2. നാടൻ ഭാഷകൾ പരിചയപ്പെടൽ | ഡിസംബർ- മാർച്ച് |
| കലകൾ അടുത്തറിയൽ | പ്രാദേശിക വാസികളായ കലാകാരന്മാരുടെ സേവനം | |

# ENGLISH

**ലക്ഷ്യം**

1. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി
2. സർഗ്ഗത്മകത പരിപോഷണം
3. സർഗ്ഗത്മകത രചനശേഷി വികസനം
4. ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ്
5. വായനപരിപോഷണം
6. ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ.

**പ്രവർത്തനങ്ങൾ**

1. Assembly ചേരൽ (നിയന്ത്രണം കുട്ടികൾക്ക് )
2. ഇംഗ്ലീഷ് ഡയറി
3. നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ.
4. English തീയേറ്റർ
5. ഇംഗ്ലീഷ് പഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ
   Skit
   Drama
   Conversation
   Story telling
6. ഇംഗ്ലീഷ് മാഗസിൻ
7. മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ
8. ഇംഗ്ലീഷ് കൈയെഴുത്ത്
9. സ്കൂളിലെ വിശേഷങ്ങൾ ദിവസങ്ങളെ പ്രവർത്തങ്ങൾ ഉൾക്കൊള്ളിച്ചു സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ
10. ഇംഗ്ലീഷ് കോർണർ
11. കുട്ടികളുടെ നിലവാരത്തിനനുസരിച്ചു പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചു വായനമൂല ഒരുക്കൽ,വായനവേള ഒരുക്കൽ,പഠനക്കുറിപ്പ്
12. പുസ്തക പരിചയം.
13. ENGLISH FEST
14. വായനമത്സരം, രചനമത്സരം, മറ്റു സർഗ്ഗത്മക പ്രവർത്തനങ്ങളുടെ അവതരണം

# ഗണിതം

**ലക്ഷ്യങ്ങൾ**

. ഗണിതപഠനം രസകരമാക്കൽ

. ചതുഷ്ക്രിയകൾ ലളിതമാക്കൽ

. ഗണിതപഠനം സുതാര്യമാക്കൽ

. ഗണിതലാബ് വിപുലീകരിക്കൽ& ഉപയോഗപ്പെടുത്തൽ

. ശില്പശാലകളിലൂടെ ആശയം ഉറപ്പിക്കൽ

. ഗണിതശേഷികളുടെ പ്രകടനം

**പ്രവർത്തനങ്ങൾ**

. വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ

. മൂല്യനിർണയം(ഏണിയും പാമ്പും, ഡൈസ് കളി)

. സങ്കലനം-വ്യവകലനം

കച്ചവടക്കളി

. ഒറിഗാമി രൂപങ്ങളുടെ പ്രദർശനം

. ഗണിത ലാബ്

. ഗണിതകോർണർ/ഗണിതച്ചുമർ

. ഗണിത ശില്പശാലകൾ

. ഗണിതമേള

. പ്രശ്നോത്തരി,

. പസിൽ

. പാറ്റേൺ

. പഠന ഉല്പന്നങ്ങളുടെ പ്രദർശനം

# EVS

**ലക്ഷ്യം**

1. നിരീക്ഷണം,അറിവു നിർമ്മാണം
2. ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
3. ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ,
   അന്വേഷണ ത്വര വളർത്തൽ
4. ഭൂപട വായന കേരളം,ഇന്ത്യ
5. ശാസ്ത്ര പഠനം രസകരമാക്കൽ
6. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
7. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

**പ്രവർത്തനങ്ങൾ**

1. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
2. ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ
   പരീക്ഷണങ്ങൾ നടത്തൽ
3. വാനനിരീക്ഷണ കേന്ദ്രം,സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ
4. ഭൂപട വായന,ഭൂപട നിർമ്മാണം എന്നിവ നടത്തൽ
5. ശാസ്ത്രവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ,ചിത്രങ്ങൾ എന്നിവ
   പ്രദർശിപ്പിക്കൽ
6. പതിപ്പ്,ചാർട്ട്,ചിത്രങ്ങൾ,ആൽബം,പഠനസാമഗ്രികൾ,പരീക്ഷണങ്ങൾ എന്നിവ
   പ്രദർശിപ്പിക്കൽ
7. ശാസ്ത്ര മാസികകളുടെ നിർമ്മാണം

# അറബിക്

## ക്ലാസ് I - IV

**ലക്ഷ്യങ്ങൾ**

1. തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു
2. അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്
3. അറബി ഭാഷ എഴുത്തിന്റെ പരിപോഷണം

**പ്രവർത്തനങ്ങൾ**

1. അക്ഷര വായന, ക്ലാസ് വായന, ലൈബ്രറി വായന,ചിത്ര വായന, മാഗസിൻ വായന, കഥാ വായന,
2. വായന മത്സരങ്ങൾ
   മോണിറ്ററിംഗ്
3. വാക്യങ്ങൾ ഉറപ്പിക്കൽ
4. ഇ വായന
5. ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലെ സംഭാഷണങ്ങൾ കേൾപ്പിക്കുന്നു
6. ലാംഗ്വേജ് ഗെയിംസ്
7. റോൾപ്ലേ
8. ക്ലാസ് സംഭാഷണം
9. കാർട്ടൂൺ പ്രദർശനം
10. പദസമ്പത്ത് വർദ്ധിപ്പിക്കൽ

ലേഖനം

1. അക്ഷരങ്ങൾ ഉറപ്പിക്കൽ
2. പദങ്ങൾ ഉറപ്പിക്കൽ
3. ചിഹ്നങ്ങൾ ഉറപ്പിക്കൽ
4. കൂട്ടിയെഴുത്ത്
5. അക്ഷരക്കാർഡ് നിർമാണം
6. കയ്യെഴുത്ത് മാസിക
7. ചുമർ പത്രിക നിർമ്മാണം, ചാർട്ട് എഴുത്ത്
8. ചിത്രകഥ നിർമ്മിക്കൽ

Translations

മലയാളം - അറബി
അറബി - മലയാളം
ഇംഗ്ലീഷ് - അറബിക്
അറബിക് - ഇംഗ്ലീഷ്

## IT

**ലക്ഷ്യങ്ങൾ**

. പഠനം ആസ്വാദകരവും എളുപ്പവുമാക്കുന്നു

. ആശയ ധാരണ/വ്യക്തത ഉണ്ടാക്കുന്നു

. 'കളിപ്പെട്ടി' പഠനം എളുപ്പമാക്കുന്നു

. IT സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

. 'കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ടു പോകുന്നു

. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ,ചിത്രങ്ങൾ എന്നിവ പ്രൊജക്ടർ/ ടി.വി കളിൽ കാണാൻ അവസരം നൽകുന്നു.

. ലഭ്യമായ 12 ലാപ്ടോപ്പുകളിൽ പ്രവർത്തനരഹിതമായ 3 എണ്ണം കാര്യക്ഷമ മാക്കുന്നു

. പ്രീപ്രൈമറിയിൽ ലഭ്യമായ ടി.വികൾ കുട്ടികളുടെ വിനോദത്തിനും പഠന ത്തിനും ഉപയോഗിക്കുന്നു.

. പ്രവർത്തനരഹിതമായ പ്രൊജക്ടറുകളും ലാപ്ടോപ്പുകളും കാര്യക്ഷമ മാക്കൽ

. എല്ലാ ക്ലാസ്റൂമിലും ടി.വി ലഭ്യമാക്കിക്കൊണ്ട് സ്കൂൾ സമ്പൂർണ IT ക്ലാസ്റൂം വിദ്യാലയമായി പ്രഖ്യാപിക്കൽ

. ഒഴിഞ്ഞ് കിടക്കുന്ന ക്ലാസ്മുറി ചിട്ടപ്പെടുത്തി ലാപ്ടോപ്പുകൾ ക്രോഡീകരിച്ച് IT ക്ലാസ്റൂം സജ്ജീകരിക്കൽ

# <u>കലാ വിദ്യാഭ്യാസം</u>

**<u>ലക്ഷ്യം</u>**

1. പാടാനുള്ള ശേഷി
2. സർഗ്ഗവേളകളിൽ സഭാകമ്പമില്ലാതെ അവതരിപ്പിക്കുന്നു.
3. സർഗ്ഗത്മകത പരിപോഷണം
4. സബ്ജില്ല കലോത്സവങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുന്നു
5. ഭംഗിയായി പോസ്റ്ററുകൾ നിർമ്മിക്കുന്നു

**<u>പ്രവർത്തനങ്ങൾ</u>**

1. സ്കൂൾ പ്രാർത്ഥന ടീം തെരഞ്ഞെടുക്കുന്നു
2. പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ കവിതകൾ രചനകൾ അവതരിപ്പിക്കൽ
3. ദിനാചരണവുമായി ബന്ധപ്പെട്ട് മോണോ ആക്ട്, ദൃശ്യാവിഷ്കാരം നൃത്തശില്പങ്ങൾ, റോൾപ്ലേ, എന്നിവ അവതരിപ്പിക്കൽ
4. കലാമേളയിൽ പങ്കെടുക്കുന്നതിനായി ഓരോ ഇനങ്ങളിലേക്ക് സെലക്ട് ചെയ്യുന്നു , പരിശീലനം നടത്തുന്നു.
5. പഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയുമുള്ള പോസ്റ്റർ നിർമ്മാണം നടത്തുന്നതിനായി നന്നായി വരയ്ക്കാനും നിറം നൽകാനും കഴിയുന്നവരെ കണ്ടെത്തുന്നു.
6. ക്ലാസ്സ് തലങ്ങളിൽ ആഴ്ചയിലൊരിക്കൽ സർഗ്ഗ വേളകൾ സംഘടിപ്പിക്കിന്നു, പ്രതിഭകളെ കണ്ടെത്തുന്നു.
7. സ്കൂൾ റേഡിയോയിൽ കുട്ടികൾക്ക് കഥ,കവിതകൾ, ലഘു സംഭാഷണങ്ങൾ, പുസ്തക പരിചയം എന്നിവ അവസരം നൽകുന്നു.

# <u>കായികം</u>

**<u>ലക്ഷ്യങ്ങൾ</u>**

1. കായിക ശേഷി വികസനം
2. മത്സരയിനങ്ങളിൽ ധൈര്യത്തോടെ പങ്കെടുക്കൽ
3. ശരീരികവും മാനസികാവുമായ ആരോഗ്യം
4. ആരോഗ്യകരമായ മത്സരം

**<u>പ്രവർത്തനങ്ങൾ</u>**

1. സ്കൂളിൽ എല്ലാ ക്ലാസ്സുകളിലും ആഴ്ചയിൽ മൂന്നു ദിവസം PET പീരിയഡ് നൽകൽ
2. പരിശീലനങ്ങൾ

   ലോങ്ങ് ജംമ്പ്

   ഹൈ ജംമ്പ്

   ബോൾ ത്രോ

   റണ്ണിംഗ്

   ഫുട്ബോൾ
3. മുഴുവൻ കുട്ടികൾക്കും കായിക ശേഷി വർധിപ്പിക്കുന്നതിനായി സൂമ്പ ഡാൻസ് പരിശീലനം

# പ്രവൃത്തി പരിചയം

ഒന്ന് മുതൽ നാലു വരെ ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും പഠനത്തോടൊപ്പം പ്രവൃത്തി പരിചയ പരിശീലനവും ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. ഇത് കുട്ടികളിൽ ആവശ്യമായ നൈപുണികൾ നേടുന്നതിന് വേണ്ടിയാണ്.

**പ്രവർത്തന പരിപാടികൾ**

1. എല്ലാ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തന ങ്ങൾ പ്രവൃത്തി പരിചയം ക്ലാസിൽ നടക്കുന്നുണ്ടെന്ന് ക്ലാസ് അധ്യാപകർ ഉറപ്പുവരുത്തുന്നു.

2. പ്രത്യേകമായ ശേഷികളുള്ള കുട്ടികളെ ജൂൺ ആദ്യവാരത്തിൽ തന്നെ കണ്ടെത്തുകയും കൃത്യമായ ആസൂത്രണങ്ങളുടെ പരിശീലനം മാതൃസമിതി യുടെ സഹായത്തോടെ നടത്തുകയും ചെയ്യുന്നു.

3. മേളയിൽ പങ്കെടുപ്പിക്കാനായി പരിശീലനം ലഭിച്ച കുട്ടികളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരെ കണ്ടെത്തുകയും കൂടുതൽ പരിശീലനം നൽകുകയും ചെയ്യുന്നു.

4. സ്കൂൾ മേളയിൽ എല്ലാ കുട്ടികൾക്കും പ്രത്യേകം അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

# പൊതു വിജ്ഞാനം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക
2. ശാസ്ത്രീയ മനോഭാവം വളർത്തുക
3. വായന പരിപോഷണം
4. വിവിധ മത്സരങ്ങളിൽ പങ്കാളികളാവുക

**പ്രവർത്തനങ്ങൾ**

1. വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കൽ
2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് നിർമ്മാണം ഡോക്യുമെന്ററി പ്രദർശനം
3. വിവിധ ചരിത്ര സ്മാരകങ്ങളുടെ സന്ദർശനം, ഫീൽഡ് ട്രിപ്പ് എന്നിവയിലൂടെ ജികെ വർദ്ധിപ്പിക്കുക
4. കുട്ടിക്കളിൽ പത്രവായന, പുസ്തക വായന പ്രോത്സാഹിപ്പിക്കുക
5. ഓരോ ക്ലാസിലും കറന്റ് അഫേഴ്സിനും പ്രധാന വാർത്തകൾക്കുമായി ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക
6. ആഴ്ചയിലും നിശ്ചിത പൊതു വിജ്ഞാന ചോദ്യങ്ങൾ നൽകൽ. ഓരോ മാസവും പൊതു വിജ്ഞാന വിജയിയെ തെരഞ്ഞെടുക്കുക
7. രക്ഷിതാക്കളും കുട്ടികളും ഒരുമിച്ച് പങ്കാളികളാവുന്ന തരത്തിൽ സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുക

# സ്കൂൾ ശുചിത്വപ്ലാൻ 2025-26

2024-25 വർഷം തന്നെ ഹരിത വിദ്യാലയമായി സ്കൂളിനെ പ്രഖ്യാപിച്ചിരുന്നു. പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസാണ് നമ്മുടെ സ്കൂൾ. ശുചിത്വം ഉറപ്പാക്കാൻ പരമാവധി ശ്രദ്ധിക്കാറുണ്ടെങ്കിലും വർക്കുകളും മറ്റു പ്രവൃത്തികളും നടക്കുന്നതിനാൽ അത്തരം ചില പ്രവൃത്തികൾ ജൂലൈ മാസത്തോടെ പൂർത്തിയാക്കി സമ്പൂർണ്ണ ശുചിത്വ വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറാൻ കർമ്മപരിപാടി തയ്യാറാക്കുകയാണ്.

**ലക്ഷ്യങ്ങൾ**

1- ഓരോ കുട്ടികളും ക്ലാസ്സ് റൂമും എൻറെ വീട് പോലെ തന്നെയാണെന്നും എന്നും വൃത്തിയാക്കേണ്ട ഇടമാണെന്നും തിരിച്ചറിയുന്നു

3- ശുചിത്വ ശീലങ്ങൾ പാലിക്കൽ- വ്യക്തി ശുചിത്വം,പരിസര ശുചിത്വം

4- പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കാൻ

5- ഹരിത വിദ്യാലയത്തോടൊപ്പം ഹരിത ഭവനം

7- നമ്മുടെ പ്രകൃതി ഞങ്ങളുടെ കൈകളിലാണെന്ന തിരിച്ചറിവ്

**പ്രവർത്തന പരിപാടികൾ**

ക്ലാസ് റൂം ശുചിത്വം.

എല്ലാ ക്ലാസുകളിലും ആവശ്യമായ ക്ലീനിങ് ഉപകരണം വിതരണം ചെയ്തിട്ടുണ്ട്. ക്ലാസിൽ നിന്നുള്ള വേസ്റ്റുകൾ പ്രത്യേകം ശേഖരിക്കുന്നു. ക്ലാസ്സുകളിൽ ക്ലീനിങ്ങിന് ഓരോ ദിവസവും വ്യത്യസ്ത ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി. സ്കൂൾ തലത്തിൽ ശേഖരിക്കുന്ന വേസ്റ്റുകൾ ജൈവവളാക്കി മാറ്റുന്നു. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ക്ലാസുകൾ പെയിൻറടിച്ച് പുതുമ നിലനിർത്തുന്നു.ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും ക്ലീനിങ് സ്റ്റാഫിൻറെ സേവനം ഉറപ്പാക്കുന്നു. എല്ലാ ക്ലാസുകളുടെയും വരാന്തയും സ്റ്റെയർ കേസും വൃത്തിയാക്കുന്നു.

ടോയ്‌ലറ്റ് ക്ലീനിങ്

സ്കൂളിൽ പുതിയതായി സ്ഥാപിക്കുന്ന രണ്ടുനില ടോയ്‌ലറ്റും പഴയ രണ്ട് ടോയ്‌ലറ്റ് കെട്ടിടങ്ങളും കിച്ചൻ ബിൽഡിങ്ങിൽ ഉള്ള രണ്ട് യൂണിറ്റുകളും ഭിന്നശേഷി കെട്ടിടത്തിലുള്ള ഒരു യൂണിറ്റ് ടോയ്‌ലറ്റും അടക്കം 25 യൂറിനൽ /ടോയ്‌ലറ്റ് സ്കൂളിലായുണ്ട്. നിലവിൽ PTCM തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രൈമറി ആയമാർ, അധ്യാപകർ രക്ഷിതാക്കൾ എന്നിവരുടെ കൂട്ടായ ഉത്തരവാദിത്വത്തിൽ ഏറ്റവും ശുചിത്വമുള്ളതായി മാറ്റിയെടുക്കാൻ ശ്രമിക്കുന്നുണ്ട്.

ബിൽഡിങ്ങിൻറെ പിന്നാമ്പുറം ക്ലീനിങ്

ധാരാളം ചെറുമരങ്ങൾ ഉള്ളതിനാൽ ഇലകളുടെ വേസ്റ്റ് കൂടുതലാണ്. ചവേലകൾ വെളിയിൽ സംസ്കരിക്കുന്നു. എല്ലാ മാസവും പി.ടി.എ യുടെ സഹായത്തോടുകൂടി പിന്നാമ്പുറങ്ങളിലെല്ലാം ക്ലീനിങ് നടത്തുന്നു.

ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ

സ്കൂളിലെ ഉച്ചഭക്ഷണ വേസ്റ്റ് റിംഗ് കമ്പോസ്റ്റിൽ നിക്ഷേപിച്ച് വളമാക്കി മാറ്റുന്നു. പശുക്കൾക്കും മറ്റും നൽകുകയും ചെയ്യുന്നു.

**കിച്ചൻ, കിണർ പരിസരം**

ഏറ്റവും വൃത്തിയായി സൂക്ഷിക്കപ്പെടേണ്ട ഇടമാണ് കിച്ചൺ. സ്റ്റോർ, കിണർ എന്നിവിടങ്ങളിൽ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആവശ്യമായ ശുചിത്വം ഉറപ്പുവരുത്തുന്നുണ്ട്.

**ഹരിത വിദ്യാലയം**

2024-25 അധ്യായന വർഷത്തിൽ തന്നെ ഹരിത വിദ്യാലയ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ബോട്ടിൽ ബോക്സും സ്ഥാപിച്ചിട്ടുണ്ട്. അവിചാരിതമായി എത്തുന്ന പ്ലാസ്റ്റിക്കുകൾ കൃത്യമായി ഇടവേളകളിൽ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നുണ്ട്.

**ഗ്രീൻ ആർമി**

സ്കൂളിലെ ശുചിത്വ പ്രവർത്തനങ്ങൾ ഒരു സഭ രൂപീകരിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേക യൂണിഫോം നൽകുന്നതാണ്.

**ഗ്രീൻ പ്രോട്ടോകോൾ**

സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ട്.കോമ്പൌണ്ടിൽ ഹരിത വിദ്യാലയ ബോർഡ് സ്ഥാപിക്കുന്നതാണ്

**വ്യക്തി ശുചിത്വം**

നല്ലപാഠം പ്രവർത്തനങ്ങളിലൂടെ വ്യക്തി ശുചിത്വ ബോധവത്കരണവും ചെക്ക് ലിസ്റ്റും നൽകിയിട്ടുണ്ട്.

**ഹരിത ഭാവനം**

ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത ഭവന പ്രവർത്തനവും നടത്തുന്നതാണ്. ഗൃഹസന്ദർശനം,മോണിറ്ററിങ് പ്ലാസ്റ്റിക് കത്തിക്കാൻ പാടില്ല എന്നുള്ള കാര്യം, വലിച്ചെറിയൽ വിരുദ്ധ മനോഭാവം ഉണ്ടാക്കൽ ഇവ പ്രത്യേക അജണ്ടയായെടുത്തുതന്നെ ശുചിത്വ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

# സ്കൂൾ ലൈബ്രറി-പ്രവർത്തന രൂപരേഖ 2025 -26

സ്കൂൾ ലൈബ്രറിക്ക് 2000ത്തോളം പുസ്തകങ്ങൾ സ്വന്തമായുണ്ട്. സ്വന്തമായി ലൈബ്രറി റൂമും ക്ലാസുകളിൽ ക്ലാസ്സ് ലൈബ്രറി റാക്കും നിലവിലുണ്ട്. കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച സ്റ്റാഫ് ലൈബ്രറി സംവിധാനവും സ്കൂളിൽ നിലവിലുണ്ട്. ലൈബ്രറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2025-26 വിഭാവനം ചെയ്ത പദ്ധതികൾ ചുവടെ വിവരിക്കുന്നു

## ക്ലാസ് ലൈബ്രറി

ഓരോ ക്ലാസ്സിലേക്കും കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി വർഷാരംഭത്തിൽ തന്നെ പുസ്തകങ്ങൾ കൈമാറുന്നു. ക്ലാസ്സ് ലൈബ്രറി റാക്കുകളിൽ ആകർഷകമായ രീതിയിൽ ഡിസ്പ്ലേ ചെയ്യുന്നു. ഓരോ കുട്ടിക്കും ക്ലാസ് ടീച്ചർ ഓരോ ആഴ്ചയിലും പുസ്തകങ്ങൾ നൽകുന്നു. ആയതിന്റെ വിവരങ്ങൾ ഇഷ്യൂ രജിസ്റ്ററിലോ എൻറെ കുട്ടികൾ പുസ്തകത്തിലോ രേഖപ്പെടുത്തുന്നു. മൂന്നുനാലു ക്ലാസുകളിൽ കുട്ടികൾ വായനക്കുറിപ്പ് എഴുതുന്നു. ആയതു മത്സരമായി നടത്തുകയും സമ്മാനങ്ങൾ നൽകുകയും വേണം.ചെറിയ ക്ലാസുകളിൽ കെ ജി ഉൾപ്പെടെ ചിത്ര വായനക്കുള്ള മെറ്റീരിയലുകളും വായനകാർഡുകളും നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു.

## സ്കൂൾ ലൈബ്രറി

സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ പ്രത്യേക ക്ലാസ് റൂമിൽ ആകർഷകമായ രീതിയിൽ ഡിസ്പ്ലേ ചെയ്യുകയും ക്ലാസ്സ് ലൈബ്രറിക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.സ്കൂളിൽ വരുന്ന പത്രങ്ങളും കുട്ടികൾ കൊണ്ടുവരുന്ന മറ്റു പ്രസിദ്ധീകരണങ്ങളും ഇടവേളകളിൽ കുട്ടികൾക്ക് അവിടെ വെച്ച് തന്നെ വായനക്ക് ലഭ്യമാക്കുന്നു. രാവിലെയും ഉച്ചസമയത്തും മറ്റ് ഒഴിവു വേളകളിലും സ്കൂൾ ലൈബ്രറി പ്രവർത്തിക്കുന്നതായിരിക്കും. കൂടുതൽ ഫർണിച്ചറുകൾ ലഭ്യമാക്കി ആകർഷകമായ മറ്റ് സംവിധാനങ്ങളും ഒരുക്കി 2018 -19 സ്ഥാപിച്ചലൈബ്രറി ജനകീയമായി വിപുലപ്പെടുത്തും.

## സ്റ്റാഫ് ലൈബ്രറി

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ജില്ലയിലെ തന്നെ ഏറ്റവും വിപുലമായ സ്റ്റാഫ് ലൈബ്രറി മൂന്ന് വലിയ അലമാരയോട് കൂടി 500ൽപരം നല്ല പുസ്തകങ്ങളോട് കൂടി നമുക്കുണ്ട്. കാറ്റലോഗുംഇഷ്യൂ രജിസ്റ്ററും ഉണ്ട്. അധ്യാപക വായനക്കായി ലൈബ്രറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. വയനാ മത്സരങ്ങൾ അധ്യാപകർക്കിടയിൽ നടത്തുന്നതായിരിക്കും.

**<u>അമ്മ വായന</u>**

സ്കൂൾ സ്റ്റാഫ് ലൈബ്രറി സ്കൂളിലെ രക്ഷിതാക്കൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വിപുലീകരിക്കുന്നത് ആയിരിക്കും.നിലവിൽ ഏതാനും രക്ഷിതാക്കൾ അവിടെ നിന്ന് പുസ്തകങ്ങൾ എടുത്തു വായിക്കാറുണ്ട്. ചുരുങ്ങിയത് 100 അമ്മ വായനക്കാരെ സൃഷ്ടിക്കുക എന്നുള്ളതാണ് ലക്ഷ്യം. അവർക്കിടയിൽ വായനാ മത്സരങ്ങൾ (ക്വിസ് ഉൾപ്പെടെ)നടത്തി കൂടുതൽ ജനകീയമാക്കും. പൂർവ്വ വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ നൽകുന്നതാണ്.

**<u>ഹോം ലൈബ്രറി</u>**

സംസ്ഥാനതലത്തിൽ എല്ലാ വീടുകളിലും ഹോം ലൈബ്രറി സ്ഥാപിച്ച് ശ്രദ്ധ നേടിയ ഒരു വിദ്യാലയമാണ് കളരാന്തിരി സ്കൂൾ.അതിൽ പലതും തുടർച്ച ഇല്ലാത്തതിനാൽ നിർജീവമാണ്. സ്കൂളിലെ ഈ വർഷത്തെ തനത് പ്രവർത്തനമായ എല്ലാ വീടുകളിലും പഠന മുറി എന്നതിനൊപ്പം ഹോം ലൈബ്രറി പഠന മുറിക്ക് അലങ്കാരമായി ഉണ്ടായിരിക്കും എന്ന കാര്യം ഉറപ്പുവരുത്തും.അധ്യാപകരുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തി 100 % എന്ന് നേട്ടം ഉറപ്പുവരുത്തും.

**<u>പുസ്തക സമാഹരണവും പുസ്തകപ്രദർശനവും</u>**

വായന മാസാചരണ ത്തിൻറെ ഭാഗമായി സ്കൂളിൽ ബഷീർ ദിനത്തോടനുബന്ധിച്ച് ഒരു വിപുലമായ പുസ്തക പ്രദർശനം സംഘടിപ്പിക്കും. രക്ഷിതാക്കളിൽ നിന്നും പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ പുസ്തക ങ്ങൾ സമാഹരിക്കാൻ ശ്രമിക്കുന്നതാണ്. കുട്ടികളുടെ ജന്മദിനത്തിൽ സ്കൂളിന് ഒരു പുസ്തകം നൽകാൻ അവസരം ഒരുക്കും.

**<u>കൈനിറയെ സമ്മാനങ്ങൾ</u>**

കുട്ടികൾക്കിടയിലും അധ്യാപകർക്കിടയിലും രക്ഷിതാക്കൾക്കിടയിലും മികച്ച വായനക്കാർക്കും വിവിധ വായന മത്സരങ്ങളിലെ വിജയികൾക്കും സമയബന്ധിതമായി നല്ല സമ്മാനങ്ങൾ നൽകുന്നതായിരിക്കും

# സ്കൂൾ ബ്യൂട്ടിഫിക്കേഷൻ പ്ലാൻ

ജനകീയമായി സ്കൂൾ കോമ്പൗണ്ട് ഏറ്റവും ഭംഗിയുള്ള ഒരു ക്യാമ്പസ് ആക്കി മാറ്റുന്നതിന് മുന്നോടിയായി കൊടുവള്ളി മുൻസിപ്പാലിറ്റിയുടെ ഫണ്ടുപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ജൂലൈ 15ന് മുമ്പ് പൂർത്തീ കരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1.സ്റ്റേജ് പൂർത്തീകരണം

2.ക്ലാസ് റൂം പെയിൻറിംഗ്

3.കട്ട വിരി പൂർത്തീകരണം, IA ക്ലാസ്സ് പരിസരം ഉൾപ്പെടെ

4 . 12 x 6മീറ്റർ സൈസ് ഉള്ള വർണ്ണ കൂടാരം ഭാഗത്തെ തറ (പഴയ കെട്ടിടത്തി ന്റെ ശേഷിപ്പ്)18x7.5 സൈസിൽ പുനർ നിർമ്മിച്ച് മേൽഭാഗത്ത് PLASTERING, ചുറ്റുംഇരുമ്പ് നെറ്റ് സ്ഥാപിക്കലും.അതോടനുബന്ധിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഓഗസ്റ്റ്15ന് മുമ്പായി ചെയ്തു തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ഒന്ന് രണ്ട് ക്ലാസ്സ് റൂമുകളിൽ ചിത്രം വര ( PWD un spent ബാലൻസ് - പണി തുടങ്ങി) കൂടാതെ ജനകീയമായി താഴെപ്പറയുന്ന പ്രവർത്തികൾ.

1. മുൻസിപ്പാലിറ്റി നിർമ്മിക്കുന്ന ഗ്രൗണ്ടിന്റെ മുകൾഭാഗത്ത് ആർട്ടിഫിഷൽ ഗ്രാസ് സ്ഥാപിക്കൽ' ( 1500 സ്ക്വയർ ഫീറ്റ്)
2. അവിടെ ഷട്ടിൽ, ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ കളിക്കാനുള്ള പോസ്റ്റുകൾ സ്ഥാപിക്കൽ.
3. Green Net മേൽക്കൂരയായി സ്ഥാപിക്കൽ.
4. പാർക്കിലെ ഊഞ്ഞാൽ ഉൾപ്പെടെയുള്ളവ അനുയോജ്യമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കൽ
5. 100/125 Ft നീളത്തിൽ വിവിധ ഭാഗങ്ങളിൽ പ്ലാന്റർ ബോക്സ് സ്ഥാപിച്ച പൂക്കൾ ഉണ്ടാകുന്ന ചെടികൾ നടൽ
6. ചവേല വേസ്റ്റ് ഉൾപ്പെടെ മുഴുവൻ വേസ്റ്റുകളും സ്കൂളിനുള്ളിൽ ഒരു ഭാഗത്തും നിക്ഷേപിക്കാത്ത അവസ്ഥ സംജാതമാക്കൽ
7. നന്മമരം, അക്ഷരമരം, വിവിധ നിർദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ സ്ഥാപിക്കൽ,
8. ഇരിപ്പിടങ്ങൾ സ്ഥാപിക്കൽ

9. മുൻവശത്തെ മരത്തിൽ കയറു ഊഞ്ഞാൽ സ്ഥാപിക്കൽ.

10. കെട്ടിടങ്ങളുടെ പിൻഭാഗത്ത് പൊളിച്ചു മാറ്റപ്പെടുന്ന ഇൻറർലോക്കുകൾ സ്ഥാപിക്കൽ

11. കൂടുതൽ പാർക്ക് ഉപകരണങ്ങൾ

12. അസംബ്ലി നടത്തുന്നതിന് ക്ലാസുകളുടെ പേരെഴുതിയ പോയിന്റുകൾ

13. പൊതുവായി ഉപയോഗിക്കുന്ന സ്കൂൾ വാഹനങ്ങൾ കുട്ടികളെ കയറ്റു ന്നതിന് മാർക്ക് ചെയ്ത പാർക്കിംഗ് പോയിന്റുകൾ

14. ക്ലാസ് റൂമിന് വെളിയിൽ ചപ്പൽറാക്ക് (ആവശ്യമെങ്കിൽ)

15. വരാന്തകളിൽമഴവെള്ളം പാറി വരാത്ത അവസ്ഥ

16. തീവണ്ടി എൻജിൻ സ്റ്റിക്കർ

17. തീവണ്ടി ക്ലാസ്സ് റൂമിൽ നിന്ന് ടോയ്‌ലറ്റിലേക്ക് മഴ നനയാതെ പോകാനുള്ള സാഹചര്യം

18. കിണറിന്റെ പരിസരം മനോഹരമാക്കാൻ

19. മദർ PTA യുടെ സഹായത്തോടുകൂടി കൂടുതൽ ചെടിച്ചട്ടികൾ സ്ഥാപിക്കൽ

20. കൈകഴുകുന്ന സ്ഥലങ്ങളിലുള്ള വൃത്തി ഉറപ്പ് വരുത്തിൽ

21. വിവിധ സ്ഥലങ്ങളിൽ കണ്ണാടികൾ സ്ഥാപിക്കുന്നു

നമ്മുടെ സബ്ജില്ലയുടെ ഈ വർഷത്തെ ഒരു തനത് പരിപാടി കൂടിയാണിത്. ഹരിത വിദ്യാലയം ഒരുക്കുന്നതിന്റെ ഭാഗമായി ശുചിത്വ കമ്മിറ്റി മുന്നോട്ടുവെക്കുന്ന കർമ്മ പദ്ധതികൾ കൂടി നടപ്പിലാവുന്നതോട് കൂടി പൂർണ്ണമായും പ്ലാസ്റ്റിക് ഫ്രീ, ഡസ്റ്റ് ഫ്രീ, ഒരു മനോഹരമായ ക്യാമ്പസ് ആയി നമ്മുടെ വിദ്യാലയം മാറും.ഇതിനു വേണ്ടി പൂർണ്ണമായ സാമ്പത്തിക പിന്തുണ തരാമെന്ന് വിവിധ ക്ലാസ്സ് PTA കളിൽ രക്ഷിതാക്കൾ സമ്മതിച്ചിട്ടുണ്ട്. ഒരുപാട് പൂർവവിദ്യാർഥികളും സ്ഥാപനങ്ങളും ഈ ഉദ്യമത്തോട് സഹകരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിച്ച് രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സ്കൂൾ സന്ദർശനം സംഘടിപ്പിക്കുന്നതിനും നമ്മൾ ഉദ്ദേശിക്കുന്നു.

# <u>സാമൂഹ്യശാസ്ത്ര ക്ലബ്</u>

സമൂഹവുമായി ഇടപഴകാനും സാമൂഹ്യ നൈപുണികൾ നേടിയെടുക്കാനും ഉതകുന്ന പ്രവർത്തനങ്ങളാണ് സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തേണ്ടത്. ദിനാചരണങ്ങളിലും മേളകളിലും പ്രധാന പങ്കുവഹിക്കപ്പെടുന്നു

**<u>പ്രധാന ദിനാചരണങ്ങൾ</u>**

ആഗസ്റ്റ് 15 - <u>സ്വാതന്ത്ര്യ ദിനം</u>

പ്രസംഗ മത്സരം,ക്വിസ് മത്സരം,ക്ലാസ്തലചാർട്ട് തയ്യാറാക്കൽ, മാഗസിൻ നിർമ്മാണം, വീഡിയോ പ്രദർശനം.

സെപ്റ്റംബർ 5 - <u>അധ്യാപകദിനം</u>

അധ്യാപക കഥകൾ അറിയൽ/വായന, കുട്ടി ടീച്ചർ
അധ്യാപക മഹത്വം ഇന്ന്,ഇന്നലെ-ചർച്ച

ഒക്ടോബർ 2 - <u>ഗാന്ധിജയന്തി</u>

ഗാന്ധിജിയെ അറിയൽ-വീഡിയോ പ്രദർശനം, പ്രച്ഛന്ന വേഷം
ചാർട്ട്,ക്വിസ് മത്സരം, മാഗസിൻ

നവംബർ 1 - <u>കേരളപ്പിറവി</u>

കട്ട് ഔട്ട് നിർമ്മാണം, കേരളീയ ഗാനാലാപനം ഔദ്യോഗിക കാര്യങ്ങൾ പ്രദർശനം

നവംബർ 14 - <u>ശിശുദിനം</u>

ക്വിസ് മത്സരം, ചാച്ചാജിയെ അറിയാൻ-ഡോക്യുമെൻററി
ഫാൻസി ഡ്രസ്സ് ചാച്ചാജി ഗാനം

ജനുവരി 26 - <u>റിപ്പബ്ലിക് ദിനം</u>

ക്വിസ് മത്സരം, ദേശഭക്തി ദേശഭക്തി ഗാനാലാപനം മാഗസിൻ,ചാർട്ട്

**<u>സാമൂഹ്യശാസ്ത്ര മേള</u>**

സാമൂഹ്യശാസ്ത്ര മേളയുടെ ഭാഗമായി ലഭിക്കുന്ന വിഷയങ്ങളെ വിശദമായ വിഷയാധിഷ്ഠിതമായ പഠനം നടത്തി കുട്ടികൾക്ക് ആവശ്യമായ ചാർട്ടുകൾ തയ്യാറാക്കുന്നു.

**<u>സ്കൂൾ ഇലക്ഷൻ</u>**

ജനാധിപത്യരീതി കുട്ടികൾക്ക് മനസ്സിലാക്കാൻ ഒരു സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുന്നു.

# <u>ദിനാചരണങ്ങൾ</u>

സ്കൂളുകളിൽ നിരവധി ദിനങ്ങൾ ആചരിക്കാറുണ്ട്. ഈ ദിനാചരണങ്ങൾ കുട്ടികളിലെ സാമൂഹിക സാംസ്കാരിക വളർച്ചയ്ക്ക് സഹായകമാകുന്നു.കുട്ടികളിൽ ദേശീയബോധം,നേതൃത്വം,കൂട്ടായ്മ,സഹകരണ മനോഭാവം എന്നിവ വളർത്താൻ ഇത്തരം ദിനാചരണങ്ങളെക്കൊണ്ട് കഴിയും.

പഠന ലക്ഷ്യങ്ങളുമായും പാഠഭാഗങ്ങളുമായും ബന്ധപ്പെടുത്തിയാണ് ദിനാചരണങ്ങൾ ആഘോഷിക്കേണ്ടത്. എല്ലാ കുട്ടികളേയും പരിഗണിച്ചു കൊണ്ടും കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനും ഉതകുന്നതായിരിക്കണം. ആഹ്ലാദകരമായ പഠനാനുഭവങ്ങൾ ഒരുക്കുകയും എല്ലാ കുട്ടികൾക്കും അനുഭവം ലഭ്യമാകും വിധത്തിലും പഠനപ്രവർത്തനങ്ങളോടൊപ്പം ദിനാചരണങ്ങളും നടത്തേണ്ടതാണ്.

<u>പ്രധാനപ്പെട്ട ദിനാചരണങ്ങൾ താഴെ പറയുന്നു</u>.

പരിസ്ഥിതി ദിനം - ജൂൺ 5

വായനാദിനം - ജൂൺ 19

ലോക ലഹരി വിരുദ്ധ ദിനം - ജൂൺ 26

ചാന്ദ്രദിനം - ജൂലൈ 27

ഹിരോഷിമ നാഗസാക്കി ദിനം - ആഗസ്റ്റ് 6,9

ക്വിറ്റ് ഇന്ത്യ ദിനം - ആഗസ്റ്റ് 9

സ്വാതന്ത്ര്യ ദിനം - ആഗസ്റ്റ് 15

കർഷക ദിനം - ആഗസ്റ്റ് 17

അധ്യാപക ദിനം - സെപ്റ്റംബർ 5

ഗാന്ധിജയന്തി - ഒക്ടോബർ 2

ശിശുദിനം - നവംബർ 14

ലോക ഭിന്നശേഷി ദിനം - ഡിസംബർ 3

റിപ്പബ്ലിക് ദിനം - ജനുവരി 26

## ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്താവുന്ന പ്രവർത്തനങ്ങൾ

പ്രകൃതി നിരീക്ഷണം

പോസ്റ്റർ നിർമ്മാണം

തൈകൾ നടൽ

പുസ്തക പരിചയം

വായനാക്കുറിപ്പ് തയ്യാറാക്കൽ

ബോധവൽക്കരണം

ചിത്രം വരയ്ക്കൽ

പതിപ്പ് നിർമ്മാണം

പ്രവൃത്തി പരിചയമേള

ഗാനാലാപനം

ആൽബം നിർമ്മാണം

വീഡിയോ പ്രദർശനം

അഭിമുഖം

ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ

# പി.ടി.എ. ശാക്തീകരണം

സ്കൂളിലെ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് ഏറെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പിടിഎ. ഈ സമിതിയുടെ ശാക്തീകരണം ഏറെ പ്രധാനപ്പെട്ടതും വളരെ ആവശ്യകവുമാണ്. അതിലൂടെ സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹകരണംഉറപ്പാക്കാനും കഴിയും.

. 1**. സഹകരണം വർദ്ധിപ്പിക്കാൻ**

രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ബന്ധം ശക്തമാക്കുകയും വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ കുറിച്ച് സംവദിക്കാനും മികച്ച ഒരു വിദ്യാലയമാക്കാൻ സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്യാനും ഈ സഹകരണം സഹായിക്കുന്നു.

2.**വിദ്യാർത്ഥികളെ അറിയാൻ**

വിദ്യാർത്ഥികളുടെ മികവുകൾ കണ്ടെത്തി അത് പ്രോത്സാഹിപ്പിക്കുന്നതിനും, വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ തയ്യാറാക്കുന്നതിനും രക്ഷിതാക്കളുടെ പങ്കാളിത്തം വളരെ പ്രധാനമാണ്.

3.**വിദ്യാഭ്യാസ നിലവാര വർദ്ധന**

രക്ഷിതാക്കളുടെയും അതുവഴി സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുന്നതു വഴി വിദ്യാർത്ഥികളുടെ പഠന പുരോഗതിക്ക് ആവശ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാനും അതുവഴി പഠനത്തിൽ സമഗ്ര പുരോഗതി കൈവരിക്കാനും സാധിക്കും.

4.**സ്കൂൾ വികസന പദ്ധതികൾ**

സ്കൂളിൻറെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് മികച്ച ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ പിടിഎയുടെ പങ്ക് നിർണായകമാണ്.

5.**സാമൂഹിക ഇടപെടൽ**

സമൂഹത്തിൽ നിന്ന് പിന്തുണ നേടാനും വിവിധ സാമൂഹിക വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾ പിടിഎ മുഖേന നടപ്പിലാക്കാൻ കഴിയും.

സ്കൂൾ പി.ടി.എ. യുടെ ശാക്തീകരണം വിദ്യാഭ്യാസ രംഗത്തെ ജനപങ്കാളിത്തം ശക്തമാക്കുന്നതിനും സമഗ്രവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കാനും സഹായകമാകുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണ്.

# <u>സ്കൂൾ സുരക്ഷാ സമിതി</u>

**<u>ലക്ഷ്യങ്ങൾ</u>**

1) കുട്ടികൾക്ക് സുരക്ഷിതമായ പഠനാന്തരീക്ഷം ഒരുക്കി കൊടുക്കുക.
2) വിവിധ അപകട സാധ്യതകളെ പറ്റിയുള്ള ബോധ്യം കുട്ടികൾക്ക് ഉണ്ടാക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

1) സ്കൂൾ സുരക്ഷാ സമിതി രൂപീകരണവും യോഗങ്ങളും
2) അപകട സാധ്യതാവലോകനം.
3) സ്കൂൾ സുരക്ഷ പദ്ധതി തയ്യാറാക്കൽ.

**<u>സ്കൂളിൻറെ സവിശേഷ സാഹചര്യത്തിൽ ഇടപെടേണ്ട മേഖലകൾ</u>**

1. യാത്രാ സുരക്ഷിതത്വം
2. അപകടകരഹിതമായ വയറിങ്ങും അനുബന്ധ സംവിധാനങ്ങളും ഒരുക്കുക
3. ഇഴ ജന്തുക്കൾ വരാത്ത അവസ്ഥ
4. വർണ്ണ കൂടാരം ശുചീകരണവും മെയിൻറനൻസും
5. കെട്ടിടത്തിന്റെ മുകൾഭാഗത്തേക്കുള്ളസ സഞ്ചാരം ഒഴിവാക്കൽ.
6. ഭക്ഷ്യ സുരക്ഷ
7. അപകടസാധ്യത ബോധവൽക്കരണ പ്രവർത്തനങ്ങൾ
8. വീട്ടിലെ ശ്രദ്ധ
9. വഴുക്ക് അപകടങ്ങൾ - സാധ്യത
10. നിർമ്മാണ സാമഗ്രികൾ സൂക്ഷിക്കുന്നത് മൂലമുള്ള അപകട സാധ്യത

പുതിയ നിർമ്മാണ പ്രവർത്തനം നടക്കുന്ന ഇടങ്ങളിലെ പ്രശ്നങ്ങളും കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ കമ്മറ്റി ജാഗ്രത കാണിക്കുന്നതാണ്.

മേൽഘടകങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അതാത് സമയത്ത് അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.എല്ലാ കാര്യങ്ങളും ഒരു ഫയലായി സൂക്ഷിക്കുന്നതും കൃത്യമായ ഇടവേളകളിൽ സുരക്ഷ ഓഡിറ്റിംഗ് നടത്തുന്നതുമാണ്.

## 2025- 26 LSS കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

* ഓണ പരീക്ഷയ്ക്ക് ശേഷം എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടിയ കുട്ടികളെ ഉൾപ്പെടുത്തി എൽഎസ്എസ് ബാച്ച് രൂപീകരണം(സെപ്റ്റംബർ)
* എൽ എസ് എസ് ബാച്ച് ഉദ്ഘാടനവും മോട്ടിവേഷൻ ക്ലാസും
* ആദ്യ ടേമിലെ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി MCQ ചോദ്യങ്ങൾ പ്രിൻറുകൾ നൽകുന്നു.
* ഓരോ ആഴ്ചയിലും എടുത്ത ഭാഗങ്ങൾ ഉൾപ്പെടുത്തി ടെസ്റ്റുകൾ നടത്തുന്നു
* മാതൃകാ ചോദ്യപേപ്പർ നിർമ്മാണം
* എല്ലാ എല്ലാ ദിവസങ്ങളിലും ൭ മണി മുതൽ ആരംഭിക്കുന്നു
* എല്ലാ വ്യാഴാഴ്ച കളിലും രണ്ടു മണിക്കൂർ നീളുന്ന സായാഹ്ന ക്ലാസുകളും നൽകുന്നു
* ഡിസംബർ മാസം കുട്ടികൾക്കും ആയുള്ള ഒരു പരിശീലന ക്ലാസ് നൽകുന്നു
* രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി ക്യാമ്പ് സംഘടിപ്പിക്കുന്നു
* നിരന്തരമായ ചോദ്യപേപ്പർ പരിശീലനം നൽകുന്നു
* എല്ലാ യൂണിറ്റുകളും പൂർത്തിയാക്കുന്നു
* ഫെബ്രുവരി ആദ്യവാരം മുതൽ റിവിഷൻ ക്ലാസുകൾ നൽകുന്നു.

# <u>കല കായിക പ്രവൃത്തി പരിചയം</u>

**<u>കല</u>**

* പാട്ടരങ്ങ് (ഈണത്തിലും താളത്തിലും പാട്ടുകൾ അവതരിപ്പിക്കുന്നു)
* കഥയരങ്ങ് (കഥ പറയൽ)
* അരങ്ങ്
 റോൾ പ്ലേ
 അഭിനയ ശില്പശാല- അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
* വരയരങ്ങ്
 നിറം നൽകൽ
 ചിത്രം വരയ്ക്കൽ
 ചിത്ര പ്രദർശനം
 Art ഗാലറി സന്ദർശനം
* ആടാം പാടാം

**<u>കായികം</u>**
* സ്വതന്ത്ര കളികൾ
* അടിസ്ഥാന ചലന നൈപുണികൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

**<u>പ്രവൃത്തി പരിചയം</u>**
* ഒറിഗാമി
 പൂവ് നിർമ്മാണം
 ചലിക്കുന്ന പുഴു നിർമ്മാണം
 പട്ടം,etc...
* കൊളാഷ്
 ജാമിതീയ രൂപങ്ങൾ നിർമ്മിക്കൽ
 *നിർമ്മാണ ശില്പശാല
 രക്ഷിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും പഠനോപകരണ നിർമ്മാണ ശില്പശാല.

## ഭൗതിക സൗകര്യങ്ങൾ - നേട്ടങ്ങളും പരിമിതികളും

80 സെൻറിൽ അധികം വരുന്ന സ്ഥലത്ത് നല്ല ഭൗതിക സൗകര്യങ്ങൾ ഉള്ള വിദ്യാലയമാണ് കളരാന്തിരി ജി.എം.എൽ.പി സ്കൂൾ.സ്കൂളിലെ നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു

1. കെട്ടിടങ്ങൾ: ഓഫീസ് കെട്ടിടം അടക്കംഏഴു കെട്ടിടങ്ങൾ.20 ക്ലാസ് മുറികൾ. ഷീറ്റിട്ട ഹാൾ,800 സ്കചയർ ഫീറ്റ് ബാരിയർ ഫ്രീ കെട്ടിടം. കിച്ചൻ, 300 വീതം ചതുരശ്ര അടി വലുപ്പത്തിൽ ലൈബ്രറിയും വായനശാലയും.
2. എല്ലാ ക്ലാസ്സുകളിലും ആവശ്യത്തിന് ഫർണിച്ചർ
3. ആറ് ക്ലാസുകളിൽ എൽഇഡി ടിവിയും അഞ്ചു ക്ലാസുകളിൽ സിസ്റ്റവുമുണ്ട്.
4. മുൻസിപ്പാലിറ്റി നിർമ്മിച്ച പൊതു സ്റ്റേജ്
5. പ്രി-പ്രൈമറിക്ക് അനുബന്ധമായി മനോഹരമായ വർണ്ണ കൂടാരം
6. രണ്ടു കിണറുകൾ
7. ടാങ്കുകളുംആവശ്യത്തിന് വാഷ്ബേസിനുകളും
8. 11 ടോയ്‌ലറ്റുകൾ
9. ചുറ്റുമതിൽ
10. സ്കൂൾ ബസ്
11. ഇൻറർലോക്ക് ചെയ്ത മുറ്റം (പൂർണ്ണമല്ല)
12. മിനി സ്റ്റേജും അനുബന്ധമായി മേൽക്കൂരയുള്ള സ്പേസും
13. സൗകര്യമുള്ള അടുക്കളയും സ്റ്റോറും
14. നന്നായി ഫർണിഷ് ചെയ്ത ഓഫീസ് റൂം /സ്റ്റാഫ് റൂം
15. ക്ലാസ് റൂം ലൈബ്രറി റാക്കും നല്ല പുസ്തക ശേഖരമുള്ള സ്കൂൾ ലൈബ്രറിയും സ്റ്റാഫ് ലൈബ്രറിയും

**പരിമിതികളും /ആവശ്യങ്ങളും**

1. ചുറ്റുമതിൽ ഉയരം കൂട്ടണം
2. 8 ക്ലാസുകൾകൂടി ഡിജിറ്റലൈസ് ചെയ്യണം (ജനകീയമായി സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കാനുള്ള ശ്രമത്തിലാണ് )
3. നാല് സിസ്റ്റം റിപ്പയർ ചെയ്യണം
4. ലാപ്ടോപ്പുകളുടെ എണ്ണം കുറവ്.

5. ഐടി ലാബിൻറെ അഭാവം

6 ഇൻറർലോക്ക് പൂർത്തീകരണം (നടപ്പുവർഷം മുൻസിപ്പാലിറ്റി ഫണ്ട് വകയെത്തിയിട്ടുണ്ട്)

7.കളിസ്ഥലം(മുൻസിപ്പാലിറ്റി പിന്തുണയോടെയും പൊതുജന പിന്തുണയോടെയും 1500 സ്കവയർ ഫീറ്റ് മിനികളിസ്ഥലംഒരുക്കാനുള്ള ശ്രമത്തിലാണ് )

8. ആവർത്തന മെയിന്ററനൻസ് ഫണ്ടിന്റെ അഭാവം

9. ടോയ്ലറ്റുകളുടെ ഷോർട്ടേജ്(50ലക്ഷം രൂപ ഉപയോഗിച്ച് രണ്ട് നിലകളിലായി മനോഹരമായ ടോയ്ലറ്റ് ബ്ലോക്ക് പണി പകുതി വഴിയിലാണ്)

10. സ്കൂളിൻറെ പിൻവശത്തുള്ള ഭാഗങ്ങൾ മൺകൂനകൾ നിറഞ്ഞ് നിരന്തര ക്ലീനിങ് ആവശ്യമുള്ള ഇടങ്ങളായി നിലനിൽക്കുന്നു

11. കിണറിന് മൂടിയില്ല

12. വാഹന പാർക്കിംഗ് സൗകര്യമില്ല

13. സ്റ്റേജ് പൂർത്തീകരണം (മുൻസിപ്പാലിറ്റി ഫണ്ട് ഉണ്ട് )

14. മേശകൾ അലമാരകൾ എന്നിവയുടെ കുറവ്

15. കൂടുതൽ സ്റ്റാഫറുംഫർണിച്ചർവേണം

16. ഹാളിന്റെ അഭാവം

17. ഡൈനിങ് ഹാളും ഡൈനിങ് ഫർണിച്ചറുകളും ഇല്ല

18. അടുക്കള നവീകരണം ആവശ്യമാണ്

19. കൂടുതൽ സ്കൂൾ വാഹനങ്ങൾ

20. ലിഫ്റ്റ്

21. ബാരിയർ ഫ്രീ കെട്ടിടം പ്രവർത്തന സജ്ജമാക്കൽ

ഭൗതിക സൗകര്യങ്ങൾ കുട്ടികളുടെ ഉന്നമനത്തിനായി പരമാവധി പ്രയോജന പ്പെടുത്തി, പോരായ്മകൾ പരിഹരിച്ച് ആവശ്യങ്ങൾ വിവിധ സർക്കാർ സംവിധാനത്തിലൂടെ നേടിയെടുത്ത് മികച്ച ഭൗതിക സൗകര്യമുള്ള ഒരു വിദ്യാലയമാക്കി മാറ്റാൻ നമുക്ക് കഴിയണം.നല്ല രീതിയിലുള്ള ജനപിന്തുണ നേടിയെടുത്ത മികച്ച സൗകര്യമൊരുക്കിയ ഒരു വിദ്യാലയം എന്നുള്ള നിലയിൽ അതിൻറെ തുടർച്ച പ്രാദേശിക വിഭവസമഹാരണത്തിലും ഉണ്ടാകുന്നതായിരിക്കും

# <u>പ്രീ-സ്കൂൾ വിദ്യാഭ്യാസം</u>

സ്കൂളിൽ എൽകെജി,യുകെജി ക്ലാസുകളിലായി 134 കുട്ടികൾ പഠിക്കുന്നു.

എൽകെജി : രണ്ട് ക്ലാസുകൾ

യുകെജി : മൂന്ന് ക്ലാസുകൾ

വർണ്ണ കൂടാരം പദ്ധതി നടപ്പിലാക്കിയ വിദ്യാലയമാണ് നമ്മുടേത്. കളിത്തോണി പുസ്തകത്തോടൊപ്പം രക്ഷിതാക്കൾ നിർദ്ദേശിച്ച മൂന്ന് ടേം ബുക്കുകളും കുട്ടികൾ പരിശീലിക്കുന്നു. വിവിധ വികാസ മേഖലകളും തീമുകളും അവലംബമാക്കി ചിട്ടയായ പരിശീലനം നൽകി വർഷാവസാനം നടക്കുന്ന പഠനോത്സവത്തിൽ പ്ലാൻ ചെയ്ത കാര്യങ്ങൾ പൂർണ്ണതയിൽ എത്തിക്കാൻ കഴിയണം.രക്ഷിതാക്കൾക്ക്100 ഉറപ്പുകൾ നമ്മൾ നൽകുകയാണ്. UKG,LKG കഴിഞ്ഞിറങ്ങുമ്പോൾ അവർ ഈ ഉറപ്പുകളിലൂടെ കടന്നുപോയി ആയത് അവർക്ക് അനുഭവയോഗ്യമായിരിക്കും. രക്ഷിതാക്കളും അധ്യാപകരും സ്കൂൾ മാനേജ്മെൻറുംകൂട്ടായി ഒരൊറ്റ മനസ്സോടുകൂടി മുന്നോട്ടുപോയി നമുക്ക് ലക്ഷ്യത്തിലെത്താം.

## <u>***100 ഉറപ്പുകൾ***</u>

**<u>A ഭാഷാ വികാസ മേഖല</u>**

1 മലയാള അക്ഷരങ്ങൾ തിരിച്ചറിയുന്നു, വായിക്കുന്നു, എഴുതുന്നു.

2 ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയുന്നു, വായിക്കുന്നു, എഴുതുന്നു

3 അക്ഷരമാല Tree ഇംഗ്ലീഷിലും മലയാളത്തിലും (ഫിസിക്കൽ )

4 നിശ്ചിത എണ്ണം കഥകൾ കേൾക്കാൻ അവസരം

5 നിശ്ചിത എണ്ണംകഥകൾ പറയാനുള്ള ശേഷി

6 നിശ്ചിത എണ്ണം പാട്ടുകൾ കേൾക്കാൻ അവസരം

7 നിശ്ചിത എണ്ണം പാട്ടുകൾ പാടാൻ ശേഷി

8 കഥകളും പാട്ടുകളും ഇംഗ്ലീഷിലും

9 FM റേഡിയോ (ഫിസിക്കൽ )

10 ഒരു ടേമിൽ ഒരു മുത്തശ്ശി /മുത്തശ്ശൻ കഥയും,പാട്ടും

11 ചിത്രകഥകളും ചിത്ര വായനയും

12 സെൽഫ് ഇൻട്രഡക്ഷൻ ചുരുങ്ങിയത് 10 വാക്യങ്ങൾ (ഇംഗ്ലീഷിലും മലയാളത്തിലും)വീഡിയോ തയ്യാറാക്കും

13 നിശ്ചിത എണ്ണം words പഠിച്ചിരിക്കണം,പിക്ചർ ഡിക്ഷണറി തയ്യാറാക്കും

14 ഡിക്റ്റേഷൻ പ്രാക്ടീസ്

15 കോപ്പിയെഴുത്ത്

16 30 തീമുകളെ അടിസ്ഥാനമാക്കി ഭാഷാ വികാസ പ്രവർത്തനങ്ങൾ

17 മൂർത്തമായ വസ്തുക്കൾ കയ്യിലെടുത്ത് അവയെ സംബന്ധിച്ച് വിവരിക്കാനുള്ള ശേഷി (This is ...

18 ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽ

19 ക്ലാസിലും പുറത്തും സൂചന ബോർഡുകൾ

20 സ്കിറ്റുകൾ ചിത്രീകരണം

21 പ്രൊമോ വീഡിയോ ചിത്രീകരണം

**B ചാലക വികാസ മേഖല**

22 അകം കളിയിടത്തിൻറെ ചിട്ടയായ ഉപയോഗം

23 കൃത്യമായ ടൈംടേബിൾ വച്ച് പുറം കളിയിടം പ്രയോജനപ്പെടുത്തൽ

24 സൂംബ പരിശീലനം

25 അസംബ്ലി

26 ചുരുങ്ങിയത് 10 സിമ്പിൾ എക്സർസൈസ്

27 പാരമ്പര്യ ഗെയിമുകളിൽ പരിശീലനം.

28 പഴയകാല കളികളിൽ പരിശീലനം

29 മോഡേൺ ഗെയിമുകൾ

30 താളാത്മക കൈകൊട്ട്

31 സ്പോർട്സ് മീറ്റ്

32 1500 സ്ക്വയർ ഫീറ്റ് ഗ്രാസ് ഷീറ്റ് ടർഫ് സ്ഥാപിക്കൽ

**C വൈജ്ഞാനിക വികാസ മേഖല (ഗണിതം ഉൾപ്പെടെ)**

33 എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി

34 100 വരെ സംഖ്യ ബോധം (20 വരെ ക്രിയകൾ)എൽകെജിയിൽ 50

35 Shapes

36 Big , Small

37 അടുത്ത് അകലെ

38 സംഖ്യാ മാല

39 Big അബാക്കസ്

40 മുകളിൽ താഴെ ഉൾപ്പെടെ മറ്റു ഗണിതശേഷികൾ

41 30 തീമുകളെ അടിസ്ഥാനമാക്കി നിശ്ചിത എണ്ണം അറിവുകൾ

( example: which is the biggest animal )

42 വർക്ക് ഷീറ്റുകൾ കൃത്യമായ ഇടവേളകളിൽ

43 മോഡൽ കസ്റ്റ്യൻ വിതരണം കൃത്യമായ ഇടവേളകളിൽ

44 പരിസര നിരീക്ഷണത്തിന് അവസരം.

45 ഇലകൾ,ചിത്രങ്ങൾ ഉൾപ്പെടെ ശേഖരണം

46 കുട്ടി ഷോപ്പ്

47 ഗണിത ലാബ്

48 ലഘു പരീക്ഷണങ്ങൾ ( ഉദാ:മുങ്ങുന്നത് / പൊങ്ങുന്നത് )

49 നാസ് മാതൃകയിൽ ചോദ്യങ്ങൾ

(കൂട്ടത്തിൽ പെടാത്തത്,ചേരുംപടി ചേർക്കുക)

50 വഴി കണ്ടെത്തൽ,അടുത്തടുത്ത അക്കങ്ങൾ ചേർത്ത് ചിത്രം പൂർത്തീകരിക്കൽ തുടങ്ങി കുട്ടികൾക്ക് താല്പര്യമുള്ള പ്രവർത്തനങ്ങൾ നൽകൽ.

**D സൗന്ദര്യാത്മക മേഖല**

51 ചിത്രം വരയ്ക്കൽ

52 കളറിംഗ്

53 മണൽത്തടത്തിലെഴുത്ത്

54 സ്ലേറ്റ്,ബോർഡുകൾ,ചാർട്ട് എന്നിവയിലെഴുത്ത്'

55 തീമുകൾ അടിസ്ഥാനമാക്കി നിർമിതികൾ (ഉദാഹരണം വീട് ) രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തണം.

56 കടലാസുകൊണ്ട് കരകൗശല വസ്തുക്കളുടെ നിർമ്മാണം (തോണി,മുഖംമൂടി, etc)

57 Beeds, Sponch, clay,ഓലതുടങ്ങിയ വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണങ്ങൾ'

58 ക്ലാസ് മുറികളിൽ നല്ല പഠനോപകരണങ്ങൾ ലഭ്യമാക്കൽ

**D വൈകാരിക മേഖല**

59 ഷെയറിങ് മനോഭാവം ഉണ്ടാക്കുന്നു

60 വ്യക്തി ശുചിത്വ ഇൻഡിക്കേറ്റർ ഉണ്ടാക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നു

61 കോമ്പൗണ്ടിൽ നന്മ മരം സ്ഥാപിക്കുന്നു

62 സന്മാർഗ കഥകൾ കേൾപ്പിക്കുകയും നല്ല മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കുകയും ചെയ്യുന്നു

63 ശുചിത്വമുള്ള ടോയ്‌ലറ്റും ഹാൻഡ് വാഷ് സൗകര്യവും ഉറപ്പുവരുത്തുന്നു

64 കുട്ടികളുടെ അഭിമാനം ഉയർത്തുന്നതിന് വേണ്ടി മികവുകൾക്ക് സ്റ്റാർ നൽകുന്നു.

65 നല്ല പാഠത്തിൽ ഉൾപ്പെടുത്തി ചുരുങ്ങിയത് അവരുടെ പ്രായത്തിനനുസരിച്ച് 15 നന്മകൾ ചെറുപ്രായത്തിലെ മനസ്സിൽ ഉറപ്പിക്കുന്നു.

66 കുട്ടികളുടെ വൈകാരികമായ അവസ്ഥ മനസ്സിലാക്കി വളരെ സ്നേഹപൂർവ്വം സൗമ്യതയോടു കൂടിയുള്ള ഇടപെടൽ അധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാവും.

**E മറ്റു കാര്യങ്ങൾ**

67 വരാന്തയിൽ നിന്ന് ടോയ്‌ലറ്റിലേക്ക് മഴ നനയാതെ പോകാനുള്ള പാസ്സേജ് ഉണ്ടാക്കും

68 വർണ്ണ കൂടാരം മെയിൻറനൻസ് സമയബന്ധിതമായി നടത്തുന്നതാണ്.

69 വർണ്ണ കൂടാരം ക്ലീനിങ്ങിന് 5 ഏരിയ ആയി തിരിച്ച് അഞ്ച് ക്ലാസ്സിന് ചാർജ് നൽകുന്നതാണ്

70 ചുരുങ്ങിയത് രണ്ടോ മൂന്നോ പുതിയ പാർക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്

71 ഒരു ടേമിൽ രണ്ടെണ്ണം നിരക്കിൽ ഒരു വർഷം ചുരുങ്ങിയത് 6 സി.പി.ടി.എ യോഗങ്ങൾ ചേരുന്നതാണ്.

72 കുട്ടികളുടെ കലാപരിപോഷണത്തിനായി സർഗ്ഗ വേള

73 രക്ഷിതാക്കൾക്ക് ഒരു ടേമിൽ ചുരുങ്ങിയത് ഒരു മത്സരവും സമ്മാനങ്ങളും.

74 പ്രധാന ദിനാചരണങ്ങൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരം നൽകി നടത്തുന്നതാണ്.

75 അധ്യാപകർക്ക് ഒരു ടേമിൽ ഒരു മത്സരം

76 ഓരോ ക്ലാസ് റൂമിലും സമ്മാനപ്പെട്ടിയും ചെറിയ ചെറിയ മത്സരങ്ങൾക്ക് സമയബന്ധിതമായി സമ്മാനം നൽകലും

77 ഒന്നാം ടേമിൽ നാടൻ പൂക്കളുടെ പ്രദർശനം

78 രണ്ടാം ടൈമിൽ പച്ചക്കറി പ്രദർശനം

79 മൂന്നാം ടെമിൽ പഴങ്ങൾ പ്രദർശനം

80 ഒരു ടേമിൽ ഒരു ഫീൽഡ് ട്രിപ്പ്

81 ഒരു കുട്ടിക്ക് ഒരു ഫയൽ

82 Term ബുക്കുകൾ പ്രതിമാസ വിഭജനം നടത്തി കൃത്യമായ പാഠാസൂത്രണം

83 അധ്യാപകരുടെ ഗൃഹ സന്ദർശനം

84 ഹരിത ഭവനങ്ങൾ

85 എല്ലാ കുട്ടികൾക്കും വീടുകളിൽ പഠന മുറി

86 ആകർഷകമായ രീതിയിൽ സ്പോർട്സ് ഡേ സംഘാടനം

87 സ്കൂൾ വാർഷികത്തിന് മുഴുവൻ കുട്ടികൾക്കും സ്റ്റേജ് പെർഫോമൻസിന് അവസരം

88 പരിശീലനത്തിന് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തൽ

89 മെച്ചപ്പെട്ട ഉച്ചഭക്ഷണം

90 ക്ലാസ്സുകളിൽ ബർത്ത് ഡേ കലണ്ടർ ഉണ്ടാക്കി കുട്ടികളുടെ ബർത്ത് ഡേ/ രക്ഷിതാക്കളുടെ വിവാഹ വാർഷികം ദിനത്തിൽ സ്കൂളിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ അവസരം. (മിഠായി വിതരണം അനുവദിക്കുന്നതല്ല)

91 മനോഹരമായ രീതിയിൽ കോൺവെക്കേഷൻ പ്രോഗ്രാം ( UKG)

92 ഫലപ്രദമായി ഉപയോഗിക്കുന്ന സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ (കുട്ടികളെ സാവധാനം ഫോൺ ഉപയോഗത്തിൽ നിന്നും മാറ്റി നിർത്തണം) രക്ഷിതാക്കളുമായി കമ്മ്യൂണിക്കേഷൻ നടത്താനുള്ള ഒരു ഉപാധി മാത്രമായി ഫോൺ മാറണം. വീഡിയോ ചിത്രീകരണത്തിന് ആവശ്യമായി വന്നേക്കാം

93 one / Two പാരൻറിങ് ക്ലാസ്

94 ക്ലാസ്സ് Absant List 11 മണിക്ക് മുമ്പ്

95 സുരക്ഷിത യാത്ര

96 ക്ലാസ്സ് തല കുക്കറി

97 കുടുംബാംഗങ്ങളുടെ സ്കൂൾ സന്ദർശനം

98 അവധിക്കാലത്ത് Bridge Course (April, may )

99 വാർഷിക പഠനോത്സവം(ഒരു വികാസ മേഖലയ്ക്ക് ഒരു സ്റ്റാൾ,ഒരു കുട്ടിക്ക് ഒരു സ്റ്റാൾ,ഉണ്ടാക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ സൂക്ഷിക്കണം )

100 ഉറപ്പുകൾ 100 % നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ PTA പ്രസിഡണ്ടും HM ഉം രക്ഷിതാക്കളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി

നമ്മുടെ കർമ്മപരിപാടികൾ വിജയിപ്പിക്കുന്നതിന് എല്ലാ രക്ഷിതാക്കളുടെയും സഹകരണം ഉറപ്പുവരുത്തുന്നതാണ്.

## സമഗ്ര ഗുണമേന്മ പദ്ധതി

1. ജൂൺ ആദ്യവാരത്തിൽ തന്നെ പ്രീ ടെസ്റ്റ് നടത്തുകയും തുടർന്ന് നടക്കുന്ന നിരന്തര മൂല്യനിർണത്തിന്റെയും അടിസ്ഥാനത്തിൽ ക്ലാസിലെ കുട്ടികളെ വിലയിരുത്തുന്നു പിന്തുണ ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

2. ആദ്യവാരത്തിൽ സമഗ്ര ഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ആയി ഒരു അക്കാദമിക് ടീം രൂപീകരിക്കുന്നു (പ്രധാനാധ്യാപകൻ, എസ്.ആർ.ജി. കൺവീനർ, ക്ലാസ് എസ്.ആർ.ജി. കൺവീനർമാർ എന്നിവർ ഉൾപ്പെടുന്നു)

3. ജൂൺ അവസാനത്തോടുകൂടി തന്നെ പ്രത്യേക പിന്തുണ ആവശ്യമുള്ളവർക്ക് ക്ലാസ് ആരംഭിക്കുന്നു ഇത് ദൈനംദിന ക്ലാസ് പ്രവർത്തനങ്ങളുടെ കൂടെ നടക്കുന്നു.

4. എല്ലാ ആഴ്ചയും പ്രവർത്തന പുരോഗതി പരിശോധിക്കുന്നതിന് ആവശ്യമായ ടെസ്റ്റുകൾ നടക്കുന്നു.

5. ഓരോ ക്ലാസിനും ആവശ്യമായ പ്രവർത്തനങ്ങൾ ക്ലാസ് എസ്.ആർ.ജി കൂടി തയ്യാറാക്കുന്നു.

6. എല്ലാ മാസത്തിലും അവസാനത്തിൽ പഠന പുരോഗതി പരിശോധിക്കുന്നതിന് ആവശ്യമായ ടെസ്റ്റുകൾ നടത്തുന്നു.

7. രക്ഷിതാക്കളുടെ ശില്പശാല നടത്തി ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. (അക്ഷര കാർഡുകൾ,വായന കാർഡുകൾ,മറ്റുള്ളവ)